SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

Date of Publication: 25/10/2024
RNI Reg. No. KERMAL/2012/42077

യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

PRICE:25/- VOL.NO:13 ISSUE NO:18 OCTOBER 2024 ANNUAL SUBSCRIPTION RS.100/-

മണിപ്പൂരിനു പുത്തൻ സ്കൂളുമായി സത്യം മിനിസ്ട്രീസ്

മണിപ്പൂർ: കെഎസ്ഒ യുടെ സഹകരണത്തോടെ സത്യം മിനിസ്ട്രീസ് മണിപ്പൂരിൽ സ്കൂൾ ആരംഭിക്കുന്നു. മണിപ്പൂർ കലാപത്തിന്റെ ആദ്യഘട്ടം മുതൽ സത്യം മിനിസ്ട്രീസ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുവരികയാണ്. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ 2024 മേയിൽ ആരംഭിച്ച അക്രമാന്തരീക്ഷം ഇതുവരെയും കെട്ടടങ്ങിയിട്ടില്ല.ദുരിതാശ്വാസ ക്യാമ്പുകളിലേക്കാവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്നുകൾ തുടങ്ങിവ അദ്യഘട്ടം മുതൽ സത്യം മിനിസ്ട്രീസ് നൽകിയിരുന്നു. കലാപത്തിൽപെട്ട കുഞ്ഞുങ്ങൾക്ക് കൂടുതൽ ആശ്വാസം നൽകുന്നതിനായും അവരോടൊപ്പം കൂടുതൽ സമയം ചെലവഴിക്കുന്നതിനായും ശ്രമിച്ചുകൊണ്ടിരിക്കുകയാണ് റിലീഫ് ടീം. കുട്ടികൾക്കുള്ള ബൈബിൾ നൽകുകയും ബൈബിൾ പഠനത്തിലൂടെ അവരുടെ മാനസിക സമ്മർദ്ദം കുറയ്ക്കാൻ കഴിയുമെന്ന പ്രത്യാശയോടെയാണ് റിലീഫ് ടീമിന്റെ പ്രവർത്തനങ്ങൾ. ഒക്ടോബർ 19ആം തിയതി മണിപ്പൂർ **CWC**യുടെ ചുമതലയിൽ കുട്ടികൾ മണിപ്പൂരിലേക്കു മടങ്ങി പോയി. സി.വി. വടവനയുടെ കുടുംബം അവർക്കു ബൈബിൾ സമ്മാനിച്ച് അവർക്കു യാത്ര നൽകി. ഏറെ വെല്ലുവിളികൾ നിറഞ്ഞ ദൗത്യമാണ് മിനിസ്ട്രീസ് ഏറ്റെടുത്തു നടത്തിവരുന്നത്. മണിപ്പൂരിലെ തിരികെ പോയ കുട്ടികളുടെ വിദ്യാഭ്യാസവും ഭാവിയും ലക്ഷ്യമിട്ടു കൊണ്ടു സത്യം മിനിസ്ട്രീസ് മുൻകയ്യെടുത്ത പല പ്രവർത്തനങ്ങൾക്കും ഒട്ടേറെ തടസ്സങ്ങൾ നേരിട്ടിരുന്നെങ്കിലും അതിനെയൊക്കെ മറികടക്കാൻ കഴിഞ്ഞു. സഹായസഹകരണങ്ങളുമായി സത്യം മിനിസ്ട്രീസിനോടു ചേർന്നുനിന്ന എല്ലാവരോടും കടപ്പാടും നന്ദിയുമുണ്ട് .

മണിപ്പുരിനുവേണ്ടിയുള്ള സഹായങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നതൊടൊപ്പം അവിടെ പുതിയൊരു സ്കൂൾ ആരംഭിക്കാനുള്ള ശ്രമത്തിലാണ് സത്യം മിനിസ്ട്രീസ്. സഹായങ്ങൾ തുടരുന്നതിനായി എല്ലാവരുടേയും പിന്തുണയും പ്രാർത്ഥനയും വീണ്ടും പ്രതീക്ഷിക്കുന്നു.

ചർച്ച് ലീഡേഴ്സ് കോൺഫറൻസ്

തിരുവല്ല: സത്യം മിനിസ്ട്രീസ് ചർച്ച് കോൺഫറൻസ് സംഘടിപ്പിക്കുന്നു. ഈ മാസം 23, 26, 29, 31 തീയതികളിലായി ഡൽഹി, വിസാഗ്, കൊൽക്കത്ത, ഹൈദരാബാദ് എന്നീ സംസ്ഥാനങ്ങളിലായാണ് കോൺഫറൻസ് നടക്കുന്നത്. 23ന് ഡൽഹിയിൽ തുടക്കം കുറിക്കുകയും തുടർന്ന് 26ന് വിസാഗിലും 29ന് കൊൽക്കത്തയിലും 31ന് ഹൈദരാബാദിലുമായി രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടത്തപ്പെടുന്ന സെമിനാറിൽ യേശു: ഇന്നും എന്നേയ്ക്കും നമ്മുടെ രാജാവ് എന്ന വിഷയത്തെ ആസ്പദമാക്കി റവ.പോൾ തോംസൺ സംസാരിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിസ്ത്യൻ സംഘടനകൾ, യുവ ലീഡേഴ്സ്, സൺഡേ സ്കൂൾ അധ്യാപകർ, വിബിഎസ് വോളിയർമാർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കും.

.



താങ്കൾ ഒരു കൃതി എഴുതിവച്ചിട്ടുണ്ടോ?

എഴുതുവാൻ താത്പര്യമുണ്ടോ?
സഹായിക്കാൻ ഞങ്ങൾ ഉള്ളപ്പോൾ എന്തിനു വിഷമിക്കുന്നു.
ഉടൻ ബന്ധപ്പെടുക.
സത്യം പബ്ലിക്കേഷൻസ് Mob: 9447126182

കൊട്ടാരക്കര ബ്രദ്റൺ കൺവൻഷൻ '25

2025
ജനുവരി
13 തിങ്കൾ മുതൽ | 19 ഞായർ വരെ

പ്രസംഗകർ
M/s എബി കെ. ജോർജ്
ജെയിംസ് എം. തോമസ്
ബിജു ചുവന്നമണ്ണ്
പി.വി. ജെയിംസ്
ജോൺ കുര്യൻ

പത്തനംതിട്ട ബ്രദറൺ കൺവൻഷൻ

പത്തനംതിട്ട: *''ജീവന്റെ വചനം പ്രമാണിച്ചു ജ്യോതിസ്സുകളെ പോലെ പ്രകാശിക്കാം''* എന്ന വിഷയത്തെ ആസ്പദമാക്കി 69–ാമത് പത്തനംതിട്ട ബ്രദറൺ കൺവൻഷൻ പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് ഡിസംബർ 22 മുതൽ 29 വരെ നടത്തപ്പെടും. പകൽ യോഗം രാവിലെ 10 മുതൽ 1 വരെയും രാത്രി യോഗം വൈകിട്ട് 6 മുതൽ 8 മണി വരെയുമാണ് ക്രിമീകരിച്ചിരിക്കുന്നത്. സുവി. പി. ജി. ജെയിംസ്, സുവി. ആൽബർട്ട് സുനിൽ, സുവി. ചാപ്പിള്ള ഫിലിപ്പ്, സുവി. ബിനു സാമുവേൽ, സുവി. വി. പി. പൗലോസ്, സുവി. ജോസ് മാത്യുസ്, സുവി. ജോൺ കുര്യൻ എന്നിവരാണ് കൺവൻഷൻ പ്രാസംഗികർ വൈകുന്നേരം *7 മുതൽ 7.45 വരെ* സുവിശേഷ സന്ദേശവും ഞായറാഴ്ച രാവിലെ 10 മുതൽ 1 വരെ വിശുദ്ധ ആരാധനയും ഉണ്ടായിരിക്കും. ശനിയാഴ്ച്ച ഉച്ചക്കുശേഷം വൈ. എം. ഇ. എഫ് സമ്മേളനവും നടക്കും. വൈകുന്നേരം 5.30 മുതൽ 7.00 മണിവരെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കും.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

ഡോ. സി. വി. വടവന
(ചീഫ് എഡിറ്റർ)

ഇ.എസ്. റെജി
(സബ് എഡിറ്റർ)

ഐസക് സി. വടവന
(മാനേജിങ് എഡിറ്റോഴ്സ്

ജസ്റ്റിൻ സി. വടവന
(സർക്കുലേഷൻ മാനേജർ

പത്രധിപ സമതി

എ. വി. ജോൺ
ജിജോ അങ്കമാലി
ഡോ. സണ്ണി ഏഴുമറ്റൂർ
എൽസി ബേബി

ജീവവചനം
ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്ത മാസിക

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100രൂപ
ആയുഷ്ക്കാല വരിസംഖ്യ 1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

വിലാസം
ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി. ഓ
തിരുവല്ല
പിൻകോഡ്: 689541
ഫോൺ: 9447126182

USA
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email: director@sathyamministry.org

AUSTRALIA
Sathyam Publications
2 reginald Ave
Arana Hills
4054 Australia
Phone: +61 424877742
Email: admin@sathyamministry.org

UAE
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed rd, Al zahia,
Sharjah, U.A.E
Phone: 971 5047 650 10

തലക്കുറി

യിസ്രായേൽ: വെല്ലുവിളികളും ദൈവീക ഉൾക്കാഴ്ചയും

ഡോ. സി. വി. വടവന

നമ്മുടെ സഭാരംഗം ആന്തരിക യാഥാർഥ്യങ്ങളെ അവഗണിച്ചുകൊണ്ട് ബാഹ്യമായതിനു അമിത പ്രാധാന്യം കൊടുക്കുന്നത് ഒരു വിപത്തായി പരിണമിക്കുന്നു.

യിസ്രായേലിന്റെ ചരിത്രം പരിശോധിച്ചാൽ, പരിച്ഛേദനയുടെ അന്ധരാർത്ഥത്തെ നോക്കാതെ ബാഹ്യ കർമ്മത്തെ മാത്രം നോക്കി. തിരുവെഴുത്തിലെ അക്ഷരങ്ങളുടെ വള്ളിയും, പുള്ളിയും തെറ്റാതിരിക്കണമെന്നു ശഠിക്കുകയും തിരുവെഴുത്തു നൽകിയ ദൈവത്തോട് അനാദരവ് കാട്ടുകയും ചെയ്തു.(ആവ.10:16, പ്രവർ 7:51, യോഹ 5:39,40) ഇന്നത്തെ സഭാതലവും ഇതുപോലൊക്കെ ആയിട്ടില്ലേ? സ്നാനം, തിരുവത്താഴം, കൂട്ടായ്മകൾ ഇവയൊക്കെ വളരെ നിഷ്കർഷമായി പാലിക്കുന്നു. അത് നല്ലതു തന്നെ. എന്നാൽ ഇവയൊക്കെ അതിൽ തന്നെ സമ്പൂർണ്ണമല്ല, ലക്ഷ്യപ്രാപ്തിക്കുള്ള മുകാന്തിരങ്ങൾ എന്നേയുള്ളു.

നാം വചനനുസരണം സ്നാനപ്പെട്ടിട്ടു വചന വിരുദ്ധമായി ജഡീക്കന്മാരായി ജീവിക്കയാണെന്നു വന്നാലോ? കൂടെ കൂടി വരികയും അതേസമയം ഭിന്നതയും, കലഹവും, അസൂയയും, കക്ഷിമാത്സര്യവും ഉപേഷിക്കാതിരിക്കുകയും ആണെങ്കിലോ? ഓരോ ബാഹ്യ കർമ്മവും അതിനനുസരണമായ ആത്മികയോജിപ്പില്ലാത്തതിനാൽ ദൈവസന്നിധിയിൽ വിലയുള്ളതല്ല. കർത്തൃമേശയുടെ അനുഗ്രഹത്തെപ്പറ്റി പ്രസംഗിക്കുന്നതിനൊപ്പം, അതിന്റെ അപകടത്തെക്കുറിച്ചും പ്രസംഗിച്ചു കേട്ടാൽ നന്നായിരുന്നു. 1കൊരി.11:17-34 ഈ അപകടത്തെക്കുറിച്ചു വിശദമായി പറയുന്നുണ്ട്. എല്ലാവരും ഒരുമിച്ചുകൂടി ആരാധിച്ചതിനു ശേഷം ഹൃദ്യമായി ഇടപെടാൻ കഴിയുന്നില്ലെങ്കിൽ സഭയുടെ ശിരസ്സായവൻ എന്ത് വിചാരിക്കും? അനുതാപവും വചനപ്രഘോഷണവും കൊണ്ട് സമ്പന്നമായ നമ്മുടെ സമൂഹം കക്ഷി രാഷ്ട്രീയത്തിനും, പോർ വിളികൾക്കും മുഖാന്തിരമാവുന്നതു ശോചനീയമാണ്.മൽസരിച്ചും വെല്ലുവിളിച്ചും നടത്തുന്ന കൺവൻഷൻനുകളിലും കോൺഫെറൻസ് കളിലും 'അനുഗ്രഹം' വാരിച്ചൊരിയുന്ന സിദ്ധാന്തം എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല.

തങ്ങളുടെ മക്കൾ സർവകലാശാല ബിരുദം നേടി നല്ല വരുമാനമുള്ള ജോലിയിൽ പ്രവേശിച്ചു കാണുന്നതിനാണ് മാതാപിതാക്കൾ പ്രായേണ ആഗ്രഹിക്കുന്നത്. അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെ കുറിച്ചോ, അൽപ്പം കൂടി കടന്നു കർത്താവിന്റെ വേലയിൽ ഏർപ്പെടുന്നതിനെപ്പറ്റിയോ നാം ചിന്തിക്കാറുണ്ടോ? സുവിശേഷ വേലക്കായുള്ള വിളിയെ ഒരു മൂന്നാം തരമായി കാണുന്ന ചിന്താഗതി വളരെ രഹസ്യമായിട്ടെങ്കിലും നമ്മിൽ കുടികൊള്ളുന്നില്ലേ? ബ്രദറൺ അസ്സംബ്ലികൾക്കു സങ്കടിതമായ മുഖ്യസ്ഥാപനങ്ങളോ എഴുതപെട്ട ഭരണകടനകളോ ഇല്ല, തിരുവെഴുത്തുകൾ മാത്രമാണ് ഏക ആധാരവും പ്രമാണവും. സ്ഥലം സഭയുടെ സ്വാതന്ത്രത്തിലും നമ്മുടെ പ്രശംസ ചെറുതല്ല. ഇങ്ങനെയാണെങ്കിലും എഴുതപ്പെടാത്ത ചില ചട്ടങ്ങൾ നമുക്കില്ലേ? അത് കർശനമായി പാലിക്കണമെന്നുള്ളതിൽ അൽപ്പം പാരുഷ്യം തന്നേയ് നാം കാണിക്കാറില്ലേ? നമ്മുടെയിടയിലെ ചില ചടങ്ങുകൾക്കു പാരമ്പര്യത്തിന്റെ കരുത്തു കിട്ടിക്കഴിഞ്ഞിരിക്കുന്നു. ചില പ്രത്യേക കാര്യങ്ങൾ വരുമ്പോൾ “എപ്പോൾ എല്ലായിടത്തും ഇങ്ങനെയൊക്കെയാണ് നടപ്പ് എന്ന് പറയാനല്ലാതെ തിരുവെഴുത്തു എന്ത് പറയുന്നു എന്ന് നമ്മൾ നോക്കാറില്ല.

ജീവിതത്തിന്റെ വേരുകൾ ഭൗതികങ്ങൾ ആയതിനാൽ വളരെ ആഴത്തിൽ ഊന്നിപോകുന്നതിനാൽ ആത്മിക ദർശനം വളരെ മങ്ങി പോകുന്നു. ബ്രദറുകാരുടെയിടയിൽ ഒരു ഹൈ ക്ലാസ് പക്ഷത്തെ വാർത്തെടുക്കാൻ ചില യുവ നേതാക്കന്മാർ തുനിഞ്ഞിറങ്ങിരിക്കുന്നതു സഭകൾ കണ്ടില്ലെന്നു നടിക്കുന്നത് അപകടകരമാണ്. കോടാലിയും വീശുമുറവും തീയും കൊണ്ടുവരുന്ന അഗ്നിമയനായ ഒരുവനെ കുറിച്ചു വിളിച്ചു പറയുന്നതിന് ഒരു യോഹന്നാൻ സ്നാപകൻ എന്ന് ആവശ്യമായിരിക്കുന്നു എന്ന് തോന്നാറുണ്ട്. ഈ സ്ഥിതിക്ക് ഒരു വ്യത്യാസം വരുമോ എന്ന ഒരു സുപ്രധാന ചോദ്യം നമ്മുടെ മുൻപിൽ അവശേഷിക്കുന്നു.സമൂഹത്തെ ഒന്നാകെ ദൈവം ഉദ്ധരിക്കുക എന്നത് ചരിത്രം പഠിച്ചാൽ സാധാരണയല്ല. എന്നാൽ വിശ്വാസത്തോടുകൂടി തന്നെനോക്കി വിളിക്കുന്ന വ്യക്തികളെ, ചെറുസംഘങ്ങളെ ദൈവം എന്നും ആദരിക്കാറുണ്ട്. 'അരിഷ്ടനും മനസ്സ് തകർന്നവനും എന്റെ വചനത്തിങ്കൽ വിറക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും'. (യെശ .66:2) എന്ന് ദൈവം ഇന്നും പറയുന്നു. എന്നാൽ നമ്മുടെ 'സ്വയം' താഴെ ഇറങ്ങാതെ തരമില്ല. ഹൃദയം നുറുങ്ങണം .നിഗളം താഴണം.ദൈവത്തോട് പാപം ഏറ്റുപറയണം ആവശ്യമുള്ളയിടത്തു മനുഷ്യരോട് ക്ഷമ ചോദിക്കണം. നമ്മുടെ അകത്തുള്ള വിഗ്രഹങ്ങളെ നമുക്ക് ഉപേക്ഷിക്കാം. ആത്മ പരിശോധനക്കായി, ഏറ്റുപറച്ചിലിനായി സഭയെ, സഭകളെ ഒരുമിച്ചു കൂട്ടാം. അവൻ കരുണ കാണിക്കുകയും ധാരാളം ക്ഷമിക്കുകയും ചെയ്യും. അതുമാത്രമാണ് ആത്മിക ഉണർവിനുള്ള മാർഗം, യഥാസ്ഥാനപ്പെടുത്താനുള്ള ഏകവഴി.



ലേഖനം
ഐസക് സാമുവേൽ

വിജയികൾ

ആത്മീക മുന്നേറ്റത്തിന് ഒരു മാർഗരേഖ

യോസേഫ് തന്റെ സഹോദരന്മാരോട് ക്ഷമിച്ചു

യേശുവിനു ശേഷം ക്ഷമയുടെ ഉത്തമ ഉദാഹരണം യോസേഫ് ആണ് ഉല്പത്തി: 50: 15 –21 അപ്പൻ മരിച്ചുപോയി എന്ന് യോസഫിന്റെ സഹോദരന്മാർ കണ്ടിട്ട് പക്ഷെ യോസേഫ് നമ്മെ ദ്വേഷിച്ച് നാം അവനോട് ചെയ്ത സകല ദോഷത്തിനും നമ്മോടു പ്രതികാരം ചെയ്യുമെന്നു പറഞ്ഞു. അവർ യോസഫിന്റെ അടുക്കൽ ആളയച്ചു. അപ്പൻ മരിക്കുംമുമ്പേ നിന്റെ സഹോദരന്മാർ നിന്നോട് ദോഷം ചെയ്തു. അവർ ചെയ്ത അതിക്രമവും പാപവും നീ ക്ഷമിക്കേണം എന്നു യോസഫിനോട് പറവിൻ എന്നു കല്പ്പിച്ചിരിക്കുന്നു. ആകയാൽ അവന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമിക്കണമേ എന്ന് പറയിച്ചു. അവർ യോസഫിനോട് സംസാരിക്കുമ്പോൾ അവൻ കരഞ്ഞു. അവന്റെ സഹോദരന്മാർ ചെന്ന് അവന്റെ മുമ്പാകെ വീണു. ഇതാ ഞങ്ങൾ നിനക്ക് അടിമകൾ എന്ന് പറഞ്ഞു. നിങ്ങൾ ഭയപ്പെടേ, ഞാൻ ദൈവത്തിന്റെ സ്ഥാനത്തിരിക്കുന്നുവോ? നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു. ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേത്തിനു അതിനെ ഗുണമാക്കി തീർത്തു. ആകയാൽ നിങ്ങൾ ഭയപ്പെടേ ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി.

ക്ഷമയുടെ ആത്മാവിനെ എങ്ങനെ വളർത്തിയെടുക്കാം?

ക്ഷമിക്കുന്ന ഒരു ഹൃദയം ഉാക്കുക. ദൈവത്തിന്റെ ക്ഷമ സ്വീകരിക്കുകയും അത് മറ്റുള്ളവരോട് പങ്ക് വയ്ക്കുകയും ചെയ്യുക. നിങ്ങളോട് തെറ്റ് ചെയ്ത കുറ്റവാളിയോട് പ്രതികാരം ചെയ്യാനുള്ള വികാരം, കൈപ്പേറിയ അനുഭവം ഹൃദയത്തിൽ തോന്നുന്നുവോ? ഇത്തരത്തിലുള്ള വികാരം നിങ്ങളുടെ ശത്രുവിനെക്കാൾ നിങ്ങൾക്ക് ദോഷം ചെയ്യും. എന്തുകൊണ്ടെന്നാൽ കയ്പ്പ് ക്രോധത്തെയും പകയെയും ജനിപ്പിക്കും. ക്ഷമയുടെ സ്വാതന്ത്ര്യത്തിൽ നിങ്ങൾ നടക്കാത്തിടത്തോളം കാലം കയ്പ്പിന്റെ നാശകമായ പരിണിത ഫലത്തിലായിരിക്കും നിങ്ങൾ.

ക്ഷമിക്കുക എന്നത് അത്ര ലളിതമല്ലെങ്കിലും ദൈവം തന്റെ കൃപയാൽ അത് സാധ്യമാക്കി തരുന്നു. എബ്രായർ 12:15. ഇനി പറയുന്ന അടിസ്ഥാന തത്വങ്ങൾ നിങ്ങൾ പിൻതുടർന്നാൽ ക്ഷമിക്കുന്ന ഒരു ഹൃദയത്തോടെ ഒരു തെറ്റു ചെയ്യുന്നവനോട് പ്രതികരിക്കുവാൻ നിങ്ങൾക്കു കഴിയും. ദൈവം നിങ്ങളോട് എത്രമാത്രം ക്ഷമിച്ചു എന്നു ചിന്തിക്കുക. പരസ്പരം പകയ്ക്കുകയും അവഗണിക്കുകയും താഴ്ത്തി കെട്ടുകയും ചെയ്യുമ്പോൾ ദൈവം നല്കിയ ക്ഷമയുടെ മഹിമയെ നാം അവഗണിക്കുന്നു.

ദൈവീക കരുണ ലഭിക്കുന്നത് മറ്റുള്ളവരോട് ക്ഷമിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കണം ലൂക്കോസ് 7:40–50 നിങ്ങളോട് ചെയ്യുന്ന ഏതൊരു തെറ്റും ദൈവത്തിൽ നിന്നും അർഹിക്കുന്ന ശിക്ഷയിൽ കുറവായിരിക്കും. കാരണം നിങ്ങളുടെ പാപം ദൈവത്തെ അത്ര ആഴത്തിൽ വ്രണപ്പെടുത്തിയിരിക്കുന്നു. നിങ്ങൾക്ക് വീട്ടാൻ പറ്റാത്ത പാപത്തിന്റെ കടം ദൈവം നിങ്ങളോട് ക്ഷമിച്ചപ്പോൾ അതേ ക്ഷമ നിങ്ങൾ മറ്റുള്ളവരോടും കാണിക്കണം. എതിരാളിയുടെ പ്രവർത്തനങ്ങളിലൂടെ ദൈവം ഇടപെടുന്നു എന്ന് മനസ്സിലാക്കുക. വചനത്തിൽ കാണുന്ന അനേക വ്യക്തികളും അവരുടെ ചെയ്തികളിലൂടെ അവർ ദൈവത്തിന്റെ പദ്ധതികളെ നിറവേറ്റപ്പെടേണ്ടതിനുള്ള ഒരുപകരണമായി ഉപയോഗപ്പെടുന്നു. ഈ ഒരു വീണ്ടു. വിചാരം ശത്രുക്കളോടു ക്ഷമിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. മാത്രമല്ല ആ വേദനാജനകമായ സാഹചര്യത്തിൽ നിന്നും വിണ്ടെടുക്കപ്പെടുവാൻ അവർ ദൈവത്തെ അന്വേഷിച്ചു ഉല്പത്തി 50:20, ഇയ്യോബ് 1:21, 2 ശമുവേൽ 16:5–13

കുറ്റവാളിയാലും അവൻ ചെയ്ത പാതകത്തിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നിങ്ങളിലുള്ള കയ്പ്പ് ഒഴിവാക്കാൻ ബുദ്ധിമുട്ടായിരിക്കും. എന്നിരുന്നാലും നിങ്ങളുടെ ജീവിതത്തിൽ, വ്യക്തിപരമായ സ്വഭാവം വികസിപ്പിക്കുന്നതിനും പുതിയ അവസരങ്ങൾ തുറക്കുന്നതിനും ചില കുറ്റകൃത്യങ്ങൾ നിങ്ങളുടെ നന്മയ്ക്കായി തീർക്കുവാൻ ദൈവത്തിനു കഴിയും. കുറ്റവാളിയെയും കുറ്റത്തെയും വീക്ഷിക്കുമ്പോൾ പ്രതികരിക്കുക എന്നത് ഒരു പ്രധാന ആശങ്കയായി മാറുന്നു.

സൗജന്യമായി ക്ഷമിക്കുന്നതിന് യേശുക്രിസ്തുവാണ് മാതൃക. കഷ്ടതയുടെ മദ്ധ്യത്തിലും അടിച്ചവരോടോ, ക്രൂശിച്ചവരോടോ കയ്പ്പനുഭവം തനിക്കില്ലായിരുന്നു. ദൈവഹിതം അവർ നിർവ്വഹിക്കുന്നു എന്ന് കർത്താവിനു അറിയാമായിരുന്നു.

അതുകൊണ്ടു അവൻ പ്രാർത്ഥിച്ചു. ഇവരെന്തു ചെയ്യുന്നു എന്നറിയായ്കയാൽ പിതാവേ ഇവരോട് ക്ഷമിക്കേണമേ എന്ന് ലൂക്കോ 23:24. പകയ്ക്കുന്നതിനു പകരം കർത്താവ് സ്നേഹിച്ചു. ശത്രുക്കളോട് പ്രതികാരം ചെയ്യുന്നതിനു പകരം പിതാവിൽ ആശ്രയിക്കുവാനും അനുസരിക്കുവാനും തീരുമാനിച്ചു.

ലേഖനം
എൽസി ബേബി

മാർത്തയുടെ പ്രാർത്ഥനയും ലഭിച്ച മറുപടിയും

നമ്മോടു കൂടെയുള്ള ഒരു നല്ല ഉപദേശമായിരുന്നില്ലെ അത്? മാർത്തയും മറിയയും ഒരുപോലെ കർത്താവിനെ സ്നേഹിക്കുന്നവരും, കർത്താവിനെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിച്ചു പ്രവർത്തിച്ചവരുമായിരുന്നു. എന്നാൽ കർ ത്താവ് ആരിലാണ് പ്രസാദിച്ചത്? അവരുടെ തിരഞ്ഞെടുപ്പിലാണ് കർത്താവു പ്രസാദിച്ചത്. മാർത്ത ഭൗതിക ഭൗമിക വിഷയങ്ങളിലൂടെ കർത്താവിനെ പ്രസാദിപ്പിക്കുവാൻ വളരെ അധികം മനം കലങ്ങിയും പ്രവർത്തിച്ചു. ആത്മിക വിഷയങ്ങളെ അവഗണിച്ച് നാം എന്നൊക്കെ ചെയ്താലും അതു കർത്താവിനു പ്രസാദമാകയില്ല. മറിയയുടെ തിരഞ്ഞെടുപ്പാണ് കർത്താവു മാനിച്ചതും പ്രസാദിച്ചതും ലാസർ മരിച്ചപ്പോൾ കർത്താവിനെ എതിരേറ്റതും വാതോരാതെ സംസാരിച്ചതും മാർത്തയായിരുന്നു. മറിയയാകട്ടെ കർത്താവിന്റെ പാദങ്ങളിൽ വീണു തന്റെ സങ്കടം പറഞ്ഞുകരഞ്ഞു. കർത്താവിന്റെ ഉള്ളം നൊന്തുകലങ്ങി കണ്ണുനീർ വാർക്കുവാനിടയായി. പിന്നീട് അവർ കർത്താവിന് അത്താഴം ഒരുക്കി സല്കരിച്ചപ്പോൾ ലാസർ മരിച്ചുയിർത്ത സന്തോഷത്താൽ കർത്താവിനോടൊപ്പം പന്തിയിലിരിക്കയും, മാർത്ത പതിവുപോലെ കർത്താവിനെ ശുശ്രൂഷിച്ചും കൊണ്ടിരുന്നു.

പ്രിയമുള്ളവരെ, കൃപയാലെ വിശ്വാസം മൂലം ദൈവ മക്കളായി നിന്ന് നമുക്കോരോരുത്തർക്കും നമ്മുടെ പിതാവു കൃപാവരങ്ങളെ നല്കിയിട്ടുണ്ട്. അവ നാം എങ്ങനെ കൈകാര്യം ചെയ്യേണം എന്നും കല്പിച്ചിട്ടുണ്ട്. നമ്മുടെ പ്രാർത്ഥന, സല്പ്രവൃത്തികൾ, സുവിശേഷ ഘോഷണം,താലന്തുകളെ കൊണ്ടുള്ള ശുശ്രൂഷകളെല്ലാം ദൈവഹിത പ്രകാരവും, ദൈവം പ്രസാദിക്കും വിധവുമാക്കുന്നുവോ നാം പ്രവൃത്തിക്കുന്നത്? പരിശുദ്ധാത്മ നിയന്ത്രണത്താലല്ലാതെ, സ്വന്തഹിത പ്രകാരവും,മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനായും, സ്വയം പ്രശംസക്കായും മറ്റും ചെയ്യുന്നു ഒരു പ്രവൃത്തിയും നമ്മുടെ കർ ത്താവു അംഗീകരിക്കയൊ പ്രസാദിക്കയൊ ചെയ്കയില്ല എന്നോർക്കുക. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിച്ച് ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നു മനസ്സിലാക്കി തിരഞ്ഞെടുത്തു പ്രവർത്തിക്കുമ്പോൾ കർത്താവു നമ്മിൽ പ്രസാദിക്കും. മാർത്ത നല്ല പ്രവൃത്തിയാണ് ചെയ്യുന്നതെന്ന ധാരണയിൽ അദ്ധ്വാനിച്ച് ശരീരവും മനസ്സും ക്ഷീണിച്ചപ്പോൾ കർത്താവിന്റെ അടുത്തു സഹായത്തിന്നായി അപേക്ഷിച്ചപ്പോൾ ലഭിച്ച മറുപടി വിചിത്രമായിരിക്കുന്നില്ലൊ? അവളുടെ കഷ്ടപ്പാടുകളൊന്നും കർത്താവു കാണുന്നില്ല. അറിയുന്നില്ല എന്നായിരുന്നു മാർത്ത കരുതിയത്. പക്ഷെ നമ്മുടെ ഹൃദയങ്ങളേയും നമ്മുടെ പ്രവൃത്തികളേയും നന്നായി അറിയുന്ന പരമാധികാരിയായ കർത്താവാണ് നമ്മുടെ നാം എന്തുദ്ദേശ്യത്തോടെയാണ് ചെയ്യുന്നത്? ആരെ പ്രസാദിപ്പിക്കുവാനാണ് ചെയ്യുന്നത്. നാം ഏതെല്ലാം പ്രധാന വിഷയങ്ങളെ അവഗണിച്ചിട്ടാണ് ചെയ്യുന്നത്. എന്നൊക്കെതൂക്കിനോക്കുന്നവനാണ് നമ്മുടെ കർത്താവ്. മറിയ തിരഞ്ഞെടുത്തതു പോലെ നല്ല അംശം തിരഞ്ഞെടുത് കർത്തൃപാദങ്ങളിലിരുന്ന് തിരുവചനം പഠിച്ചും ധ്യാനിച്ചും, കർത്താവുമായുള്ള നിരന്തര ബന്ധം പുലർത്തി.



പ്രാർത്ഥിച്ചും കാത്തിരുന്നും പ്രവർത്തിക്കുമ്പോൾ കർത്താവു പ്രസാദിക്കും, ശരിയായി പ്രാർത്ഥനയില്ലാതെ, സ്വയം സമർപ്പണമില്ലാതെ, കർത്താവുമായി നിരന്തര ബന്ധമില്ലാതെ നാം പ്രവർത്തിക്കുന്ന യാതൊന്നിലും കർത്താവു പ്രസാദിക്കയില്ല. ഇടവിടാതെ പ്രാർത്ഥിക്കുവാനും, കർത്താവിൽ എപ്പോഴും സന്തോഷിക്കുവാനും, ഏതുസാഹചര്യത്തിലും കർത്താവിനെ മഹത്വപ്പെടുത്തിക്കൊള്ള ജീവിതമാണ് നമ്മുടെ കർത്താവു മാനിക്കുന്നത്. അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റു പറയുന്ന അധര ഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. നന്മ ചെയയ്യാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലൊ ദൈവം പ്രസാദിക്കുന്നത്. ദൈവം പ്രസാദിക്കുന്ന ജീവിതം നയിച്ച് മറിയയേപ്പോലെ നല്ല അംശം തിരഞ്ഞെടുത്ത് കർത്താവിന്നു പ്രസാദമുള്ള ജീവിതം നയിക്കുവാൻ ഈ ചിന്തകൾ നമുക്കു സഹായമായിതീരട്ടെ !

സങ്കീർത്തനങ്ങൾ: 77

ഭാഷ്യം (തുടർച്ച)

ഡോ. സി. വി വടവന

വാ. 7–8 : കർത്താവ് എന്നേക്കും തള്ളിക്കളയുമോ?..... ഇല്ലാതെയായ്പോയോ? കർത്താവ് തന്നെ തള്ളിക്കളയുമോ എന്നാണ് ആദ്യത്തെ ചോദ്യം. കർത്തോവിന്റെ ആനുകൂല്യം നിലച്ചുപോയോ എന്നുള്ളതാണ് തുടരുന്ന ചോദ്യം. ഇതോടുകൂടി ദൈവത്തിന്റെ ദയ അഥവാ കൃപ ഇല്ലാതെ ആയിപ്പോ യോ എന്നുള്ള പരിഭ്രമചിന്തയിൽ താൻ അകപ്പെട്ടു.

ദൈവകൃപ തീർന്നുപോയെങ്കിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിവർത്തിക്കും എന്നുള്ളതിന്റെ ഉറപ്പ് ഇല്ലാതെയാകുമല്ലോ. അങ്ങനെ വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണെന്നുള്ള ബോദ്ധ്യത്തിൽ നിന്നും ആസാഫ് പിന്മാറുവാൻ ഇടയായി. വാ. 9 ദൈവം കൃപ കാണിക്കുവാൻ മറന്നിരിക്കുന്നുവോ? അവൻ കോപത്തിൽ തന്റെ കരുണ അടച്ചുകളഞ്ഞിരിക്കുന്നുവോ? സേലാ. മനുഷ്യനെപ്പോലെ ദൈവത്തിനും മറവി നേരിടുമോ എന്നുള്ള ചോദ്യം ഉന്നയിക്കുവാൻ സങ്കീർത്തനക്കാരൻ ശ്രമിക്കുന്ന കാഴ്ചയാണ് നാം പിന്നീട് കാണുന്നത്. ഇങ്ങനെ സൃഷ്ടിയായ മനുഷ്യനോട് ദൈവത്തെ ഉപമിക്കത്തക്ക അവിവേകത്തിൽ ആസാഫ് വന്നപ്പോ ൾ ദൈവം എപ്പോഴും കോപിക്കയേ ഉള്ളൂ എന്നും ആ കോപത്തിൽ കരുണയുടെ വാതിൽ അടച്ച് കളഞ്ഞിരിക്കുന്നുവെന്നും ആസാഫിന് തോന്നി. ദൈവഭക്തനായ ആസാഫിന്റെ അനുഭവത്തിൽ പ്രാർത്ഥനയ്ക്കുള്ള മറുപടി താൻ ഉദ്ദേശിച്ചസമയത്ത് ലഭിക്കാഞ്ഞതിനാലാണ് സംശയങ്ങളുടേയും ചോദ്യങ്ങളുടേയും നൂലാമാലയിൽ താൻ കുടുങ്ങിപ്പോയത്. അനേക വിശ്വാസികളുടെ ജീവിതത്തിൽ ഇക്കാര്യം ആവർത്തിക്കുന്നതായി നമുക്ക് കാണാം.

വാ. 10 എന്നാൽ അത് എന്റെ കഷ്ടതയാകുന്നു; അത്യുന്നതന്റെ വലം കൈവരുത്തിയ സംവത്സരങ്ങൾ തന്നെ എന്നു ഞാൻ പറഞ്ഞു. ഇവിടെ സങ്കീർത്തനക്കാരൻ ദുഃഖത്തിൽ ആണ്ടിരിക്കുന്നത് അവസാനിപ്പിക്കുകയും ദൈവത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു. അപ്പോൾ തന്റെ നിരാശ മാറുന്നു. ഇതാണ് ഹൃദയഭാരത്തിന്റെയും നിരാശയുടെയും പരിഹാരം (വാ. 10–20). ദൈവിക ബന്ധത്തിലെ 5 വിധ വസ്തുതകൾ:

1 ദൈവിക അനുഗ്രഹങ്ങളുടെ കഴി ഞ്ഞ കാലങ്ങളെ ഞാൻ ഓർക്കും (വാ. 10)
2 ദൈവത്തിന്റെ പ്രവൃത്തികളെ ഞാൻ ധ്യാനിക്കും (വാ. 11)
3 ദൈവത്തിന്റെ അത്ഭുതങ്ങളെ ഞാൻ ഓർക്കും
4 അവന്റെ അത്ഭുതപ്രവൃത്തികളെയെല്ലാം ഞാൻ ഓർക്കും (വാ. 12)
5 അവന്റെ ക്രിയകളെ വർണ്ണിച്ച് ഞാൻ ദൈവത്തെ സ്തുതിക്കും

ഇത്രയും ഉഗ്രമായ രീതിയിൽ ചോദിക്കുവാൻ മുതിർന്നപ്പോൾ ആസാഫിന് പെട്ടെന്ന് ഒരു ആന്തരിക പ്രകാശനം ലഭിച്ചു. അതാണ് പത്താം വാക്യത്തിലെ അനുഗൃഹീതമായ കണ്ടുപിടിത്തം: എന്നാൽ അത് എന്റെ കഷ്ടതയാണ് എന്നതിന്റെ ശരിയായ ഭാഷാന്തരം അത് എന്റെ ബലഹീനതയാകുന്നു എന്നാണ്. ദൈവത്തിന്റെ വ്യാപാരങ്ങളെ സംശയിച്ചുകൊണ്ട ു ചോദിച്ച ചോദ്യങ്ങളെല്ലാം ഉണ്ടായത് തന്റെ വിശ്വാസത്തിന്റെ ബലഹീനതമൂലമാണെന്ന് ആസാഫിന് വെളിപ്പെട്ടു. താൻ പറഞ്ഞ വാക്കുകളെല്ലാം അവിവേക പ്രകടനങ്ങൾ ആയിരുന്നു എന്ന് ഗ്രഹിക്കുവാൻ ദൈവം തന്നെ സഹായിച്ചു. തന്നെയുമല്ല കഴിഞ്ഞ കാലത്ത് തനിക്ക് സംഭവിച്ച അത്യാഹിതങ്ങൾ ഒന്നൊഴിയാതെ അത്യുന്നതന്റെ വലങ്കൈ വരുത്തിയ സംവത്സരങ്ങൾ ആയിരുന്നുവെന്ന് ദൈവാത്മാവ് തന്നെ ഗ്രഹിപ്പിച്ചു. ഈ സ്വർഗ്ഗീയ പരിജ്ഞാനം താൻ ഏതിൽനിന്ന് വീണിരിക്കുന്നു എന്ന് കാണുവാൻ (വെളി. 2:5) തന്നെ സഹായിച്ചു.

വാ. 11 ഞാൻ യഹോവയുടെ പ്രവൃത്തികളെ വർണിക്കും; നിന്റെ പത്തു അത്ഭുതങ്ങളെ ഞാൻ ഓർക്കും. ഒരർത്ഥത്തിൽ തിരിഞ്ഞുവരുവാൻ കാരണമാക്കിയ ഈ പരിജ്ഞാനം യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കുന്നതിനും ഉത്തമമായ നിലയിൽ ചിന്തിക്കുന്നതിനും കാര്യങ്ങളുടെ സാക്ഷാൽ രൂപം മനസ്സിലാക്കുന്നതിനും യഥാസ്ഥാനപ്പെടുന്നതിനും തനിക്ക് വഴി തുറന്നു. പിന്നീട് ആവലാതിയുടെ ഒരു ശബ്ദംപോലും നാം കേൾക്കുന്നില്ല. ദൈവവിചാരണയുടെ അടുക്കും ചേർച്ചയും ഏറ്റവും യുക്തമാണെന്ന് ആസാഫിന് ബോധ്യമാകുകയും അതുവരെ സംസാരിച്ച അവിവേകത്തിൽ നിന്ന് താൻ വിമുക്തനാകുകയും ചെയ്തു.

വാ. 12 ഞാൻ നിന്റെ സകലപ്രവൃത്തിയെയും കുറിച്ചു ധ്യാനിക്കും; നിന്റെ ക്രിയകളെക്കുറിച്ചു ഞാൻ ചിന്തിക്കും. ഹാ ദൈവത്തിന്റെ ധനം, ജ്ഞാ നം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു (റോമ. 11:33), എന്ന് ആവർത്തിക്കുവാൻ സങ്കീർത്തനക്കാരന് കഴിഞ്ഞു. ഏത് ദൈവപൈതലിനും സംഭവിച്ചിട്ടുള്ള എല്ലാ അത്യാഹിതങ്ങളും ദൈവത്തിന്റെ സർവ്വശക്തിയുള്ള വലങ്കൈയുടെ കീഴിൽ അനുവദിക്കപ്പെട്ടവയാണെന്ന് ദൈവാത്മാവ് ബോധ്യപ്പെടുത്തുമ്പോൾ പിറുപിറുപ്പിന്റെയും സംശയത്തിന്റെയും പദങ്ങൾ മാറിപ്പോകയും അവയ്ക്ക് പകരമായി ദൈവഹിതപ്രകാരം എല്ലാം നടന്നു എന്ന് പറഞ്ഞുകൊണ്ട് ദൈവഹിതത്തിനു കീഴ്പ്പെടുകയും ചെയ്യുന്നതിന് ഇടവരുന്നു.വാ. 13 ദൈവമേ, നിന്റെ വഴി വിശുദ്ധമാകുന്നു; നമ്മുടെ ദൈവത്തെപ്പോലെ വലിയ ദൈവം ആരുള്ളൂ? ദൈ വത്തിന്റെ വഴി തിരുനിവാസത്തിലായിരുന്നു. അന്ന് ദൈവം യിസ്രായേലുമായി കൂടിക്കാഴ്ച നടത്തിയിരുന്നത് അവിടെ വെച്ചായിരുന്നു; എന്നാൽ ഇന്ന് അവൻ മറ്റൊരു വഴി നൽകിയിരിക്കുന്നു. മനുഷ്യർ ഒരു പ്രത്യേക സ്ഥലത്തു വെച്ചു മാത്രമായിരിക്കണം ദൈവത്തെ കാണേത് എന്ന് ആവശ്യപ്പെടുന്നില്ല. എവിടെവെച്ചും മനുഷ്യർക്ക് ദൈവവുമായി ബന്ധപ്പെടുവാനും ദൈവത്തെ ആരാധിക്കുവാനും കഴിയും (യോഹ. 4:21–24; എബ്രാ. 4:14–16; 10:19–23). ദൈവിക കാര്യങ്ങളെക്കുറിച്ച് സൗ കര്യമായി ചിന്തിക്കുന്നതിനും ദൈവത്തിന്റെ വഴി ശരിയാണെന്ന് സമ്മതിക്കുന്നതിനും ആസാഫിന് ഇടയായപ്പോൾ തന്റെ ദൈവത്തെപ്പോലെ മതിയായ ദൈവം വേറെ ഇല്ല എന്ന് സാക്ഷ്യം പറവാൻ അവൻ മുതിർന്നു.

വിശ്വാസികളുടെ ഉപയോഗിക്കാത്ത സ്വത്തുകൾ

ജോസഫ് രാജു, ജി. എം. ഐ

അടുത്തിടെ ഇന്ത്യയിലെ ഒരു ക്രിസ്ത്യൻ ഫണ്ട് ഒരു സുവിശേഷകന്റെ ഒരു ഓഡിയോ കോൾ പങ്കിടുകയുണ്ടായി. കെട്ടിക്കിടക്കുന്ന ഭാരിച്ച മെഡിക്കൽ ബില്ലുകൾ അടയ്ക്കാൻ കഴിയില്ലെന്നതിനു പുറമേ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കുള്ള ചികിത്സ തുടരാൻ മാർഗ്ഗമില്ലാത്തതിനാലാണ് അദ്ദേഹത്തിന് ഇങ്ങനെ ഫോൺ ചെയ്യേി വന്നത്. ഹൃദയഭേദകമായ വാർത്തയാണിത്. ഇന്ത്യയിലെ ഒരു സുവിശേഷകനും ഇത്തരത്തിലുള്ള നിരാശാജനകമായ അവസ്ഥ ഉണ്ടാകരുത്.

GMI യുടെ ആദ്യകാല ബോർഡ് അംഗങ്ങളിൽ ഒരാളായ ബ്രദർ ഓവൻ ഹോഫ്മാൻ പറഞ്ഞ കഥ ഞാനിന്നും ഓർക്കുന്നു. ഒരു അച്ഛനും മകനും മറ്റൊരു സംസ്ഥാനത്തെ ഒരു നഗരത്തിൽ അവധിക്കാലം ആഘോഷിക്കാൻ തീരുമാനിച്ചു യാത്ര പുറപ്പെട്ടു. വാഹനമോടിച്ചുകൊണ്ടിരിക്കുമ്പോൾ, ഫ്രീവേയിൽ ഒരു വലിയ അപകടം കാണാനിടയായി. ഗുരുതരമായി പരിക്കേറ്റവർക്ക് അടിയന്തിര വൈദ്യസഹായം ആവശ്യമാണെന്ന് മനസ്സിലായെങ്കിലും കുറച്ചു നേരം വാഹനം നിർത്തിയിട്ട ശേഷം അവർ വീണ്ടും യാത്ര തുടർന്നു. വിശ്രമിക്കുന്നതിനായി ഒരു മോട്ടലിൽ എത്തി. കിടന്ന ഉടനെ അച്ഛൻ ഉറങ്ങി. അപകട സ്ഥലവും അപകടത്തിൽ പെട്ടവരെയും കുറിച്ചുള്ള ചിന്ത മകനെ ശരിക്കും വേട്ടയാടി, അവന് ഉറങ്ങാൻ കഴിഞ്ഞില്ല. കുറച്ചു സമയത്തിനു ശേഷം അച്ഛൻ ഉണർന്നു നോക്കിയപ്പോൾ മകൻ ഉറങ്ങാതിരിക്കുന്നതു കണ്ടിട്ട് ഇതുവരെ ഉറങ്ങാത്തതെന്താണെന്ന് അന്വേഷിച്ചു. ആളുകൾ മരിക്കുമ്പോൾ എനിക്ക് എങ്ങനെ ഉറങ്ങാൻ കഴിയും? ! എന്ന മകന്റെ ചോദ്യം എന്റെ ഹൃദയത്തിൽ മുഴങ്ങിക്കൊയേിരിക്കുന്നു. പല കാരണങ്ങളാൽ കർത്താവിന്റെ ദാസന്മാർ കഷ്ടപ്പെടുകയും കഠിനമായ ദുരിതത്തിലൂടെ കടന്നുപോകുകയും ചെയ്യുമ്പോൾ എനിക്ക് എങ്ങനെ ഉറങ്ങാനാകും?

ഇന്ന്, എകദേശം മൂവായിരത്തിലധികം സുവിശേഷകർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു്. കർത്താവ് തങ്ങൾക്കും കുടുംബത്തിനും വേണ്ടി കരുതുമെന്നറിഞ്ഞുകൊണ്ട് മുഴു സമയ വേലക്കായി സ്വയം സമർപ്പിച്ച ഇവരുടെ ആവശ്യങ്ങൾ വിശ്വാസികൾ മനസ്സിലാക്കേണ്ട സമയമാണിത്. ഇന്ത്യയ്ക്കു പുറത്ത് സ്ഥിരതാമസമാക്കിയവരിൽ ഭൂരിഭാഗത്തിന്റെയും പൂർവ്വിക സ്വത്തുക്കൾ ശ്രദ്ധിക്കപ്പെടാതെയോ ഉടമസ്ഥത അവകാശപ്പെടാതെയോ ഏതാ് ഉപേക്ഷിച്ച അവസ്ഥയിലാണ്. ഈ സ്വത്തുക്കളിൽ ഏതെങ്കിലുമൊക്കെ വിൽക്കുകയും വിറ്റു കിട്ടുന്ന പണത്തിന്റെ ഒരു ഭാഗം ഇന്ത്യയിലെ അസംബ്ലിഫിലേക്കു നൽകുകയും ചെയ്താൽ സാമ്പത്തിക സഹായം ആവശ്യമുള്ള സുവിശേഷകരെ സഹായിക്കാം.

ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം, ഇന്ത്യയിലെ ബാങ്കുകളിൽ ക്ലെയിം ചെയ്യപ്പെടാത്ത നിക്ഷേപം 78, 213 കോടിയാണ് (ഏകദേശം 9,500 മില്യൺ യു എസ് ഡോളർ). ഈ തുകയുടെ വലിയൊരു ഭാഗം കേരളത്തിലെ ബാങ്കുകളിലായിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. സുവിശേഷകർ സഹായത്തിനായി അഭ്യർത്ഥിക്കുമ്പോൾ, നമ്മുടെ നിക്ഷേപങ്ങൾ ക്ലെയിം ചെയ്യാതെ സർക്കാർ ഏറ്റെടുക്കാൻ എങ്ങനെയാണ് അനുവദിക്കുക? ഉപയോഗിക്കപ്പെടാതെ കിടക്കുന്ന നമ്മുടെ സ്വത്തുക്കൾ സുവിശേഷത്തിന്റെ ഉന്നമത്തിനും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വേലചെയ്യുന്ന നമ്മുടെ സുവിശേഷകരെ സഹായിക്കാനുമായി നമുക്ക് ഉപയോഗിക്കാം.

ആന്ധ്രയിലും തെലുങ്കാനയിലും നാശം വിതച്ച് അസ്ന ചുഴലിക്കാറ്റ്

ജേക്കബ് മാത്തൻ ,ന്യൂയോർക്ക്

പലപ്പോഴും കാറ്റിന്റെയും വെള്ളത്തിന്റെയും ശക്തി വിനാശകരമായിരിക്കും. ഉദാഹരണത്തിന്, ചാവുകടൽ വേർപെടുത്താൻ കർത്താവ് ശക്തമായ കിഴക്കൻ കാറ്റ് ഉപയോഗിച്ചു, ശത്രുക്കളെ പരാജയപ്പെടുത്തിക്കൊണ്ട് തന്റെ ജനത്തെ സുരക്ഷിതമായി കടക്കാൻ പ്രാപ്തരാക്കി. 2024 സെപ്റ്റംബർ ആദ്യവാരത്തിൽ ഉണ്ടായ അസ്ന ചുഴലിക്കാറ്റ് ആന്ധ്രാപ്രദേശ്, തെലുങ്കാന, ഒഡീഷ എന്നിവയുടെ തീരപ്രദേശങ്ങളിൽ കനത്ത മഴയും ശക്തമായ കാറ്റും കൊടുങ്കാറ്റും വിതച്ചു. ചുഴലിക്കാറ്റിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരുന്നു. കൃഷിഭൂമികളും കാർഷിക വിളകളും നശിച്ചതോടെ ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ ഉയർന്നു. കുടിയൊഴിപ്പിക്കപ്പെട്ട വ്യക്തികളെ സഹായിക്കാൻ സംസ്ഥാന, കേന്ദ്ര സർക്കാർ അടിയന്തിര സേവന സജ്ജീകരണങ്ങൾ ഉണ്ടായിരുന്നിട്ടും, അതിലെ കാലതാമസം കാരണം പതിനായിരക്കണക്കിന് ജനങ്ങൾ ദീർഘകാല ദുരിതമനുഭവിക്കേണ്ടതായിവരും. പുനർനിർമ്മാണ ശ്രമങ്ങൾ ആരംഭിച്ചെങ്കിലും കരകയറാൻ മാസങ്ങളെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊടുങ്കാറ്റിൽ നമ്മുടെ വിശ്വാസികളുടെ 'ചെറുതും' ഉറപ്പില്ലാത്തതുമായ പല വീടുകൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചു. ഞങ്ങൾ അസംബ്ലി സമ്മേളനങ്ങൾ നടത്തുന്ന 16 ഗ്രാമങ്ങളിൽ അഞ്ചിലും ഇത്തരത്തിലുള്ള 13 വീടുകൾ ഞങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഞങ്ങളുടെ ബ്രമ്മിഡി, വെങ്കിടപുരം ബ്രദറൺ അസംബ്ലിയിലെ നിരവധി വിധവകളുടെ വീടുകളും തകർന്നിട്ടുണ്ട്. അഞ്ചു ഗ്രാമങ്ങളിലായി ആകെ 13 വിധവകളുണ്ട്. ഭവനനിർമ്മാണത്തിനായി ഇവർക്കും ഞങ്ങളുടെ പിന്തുണ ആവശ്യമാണ്. ഒരു കിടപ്പുമുറിയും ഒരു സ്വീകരണമുറിയും അടുക്കളെയും ഒരു ടോയ്ലറ്റുമടങ്ങിയ ഉറപ്പുള്ള ഒരു ഇഷ്ടിക വീടു നിർമ്മിക്കാൻ ഏകദേശം $3,600 ചെലവ് വരും. ഇഷ്ടിക, സിമന്റ് തുടങ്ങിയ സാമഗ്രികൾക്കായി വിതരണക്കാർക്ക് നേരിട്ട് പണം നൽകുന്ന രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കും. ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികൾ ഒഴികെ നിർമ്മാണ തൊഴിലാളികളെ അസംബ്ലി അംഗങ്ങൾ നൽകും.

ഛത്തിസ്ഗഢ് ദുർഗിലെ അസംബ്ലിഹാൾ നവീകരണത്തിനായി പ്രാർത്ഥിക്കുക

സിബു & ബിനി തോമസ് ദുർഗ്

രണ്ടുപതിറ്റാണ്ടിലേറെക്കാലമായി ദൈവ രാജ്യത്തെ സേവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയതിനായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. 21 വർഷങ്ങൾക്കിടയിൽ 14 ചർച്ച് അസംബ്ലികൾക്കു രൂപം നൽകാനും ബൈബിൾ സ്കൂൾ സ്ഥാപിക്കാനും കഴിഞ്ഞു. പ്രാദേശിക സഹപ്രവർത്തകരും ഞങ്ങളോടൊപ്പം ശുശ്രൂഷ ചെയ്തുവരുന്നു. നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനയും പ്രോത്സാഹനവും ഞങ്ങൾക്കു വിലയേറിയതാണ്.

അടുത്തിടെയുണ്ടായ ശക്തമായ മഴയും കാറ്റും ഇടിമിന്നലും ഞങ്ങളുടെ 10 വർഷം പഴക്കമുള്ള അസംബ്ലി ഹാളിനെ തകർത്തു കളഞ്ഞു. ഈ ഹാൾ ഞങ്ങളുടെ 14 അസംബ്ലികൾക്കും ചുറ്റുമുള്ള അസംബ്ലികൾക്കും ഇരുപതോളം ആളുകൾ താമസിക്കുന്ന ഞങ്ങളുടെ ബൈബിൾ സ്കൂൾ കാമ്പസിനും ഒരു അനുഗ്രഹമായി പ്രവർത്തിച്ചു വരികയായിരുന്നു. ഞായറാഴ്ച ആരാധനകൾ, അസംബ്ലി ബൈബിൾ പഠനങ്ങൾ, പ്രാർത്ഥനാ യോഗങ്ങൾ, വിവാഹ ചടങ്ങുകൾ, 500 പേർക്ക് ഇരിക്കാവുന്ന ബിരുദദാന ശുശ്രൂഷകൾ എന്നിവ ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ ഇവിടെ നടത്തിവന്നിരുന്നു. കനത്ത മഴയിൽ തകർന്ന 2400 ചതുരശ്ര അടിവിസ്തീർണമുള്ള ഈ ഹാൾ അടിയന്തിരമായി നവീകരിക്കേണ്ടത്. ഇതിനായി $8000 ചെലവ് വരും. അതിനുവേണ്ടി നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനകൾ ഞങ്ങൾ അപേക്ഷിക്കുകയാണ്. ഞങ്ങൾക്കും മക്കളായ അക്ഷയും അങ്കുലും അടങ്ങുന്ന ഞങ്ങളുടെ കുടുംബത്തിനുവേിയും പ്രാർത്ഥിക്കുക.

ഗോസ്പൽ ഫെലോഷിപ്പ് ട്രസ്റ്റ് ഓഫ് ഇന്ത്യ

കോശി സക്കറിയ, ചെയർമാൻ

1954–ൽ, സുവിശേഷം പ്രസംഗിക്കുന്നതിലും ഇന്ത്യയിൽ ബൈബിൾ N.T. മാതൃക ആരാധനാലയങ്ങളിലും വേലചെയ്യുന്ന ദൈവദാസന്മാർക്ക് സാമ്പത്തിക സഹായം നൽകാമെന്നുള്ള ഒരു കൂട്ടം ദൈവഭക്തരുടെ ആശയത്തിൽ നിന്നും രൂപംകൊണ്ടതാണ് ഗോസ്പൽ ഫെലോഷിപ്പ് ട്രസ്റ്റ് ഓഫ് ഇന്ത്യ. ദൈവ കൃപയാൽ, 70 വർഷത്തെ വിജയകരമായ സേവനത്തിനുശേഷം മിനിസ്ട്രി ഇപ്പോൾ ഇന്ത്യയിലുടനീളമുള്ള 1,300–ലധികം ദൈവദാസന്മാരെ പിന്തുണയ്ക്കുന്നു. പ്രതിവർഷം **US $** 375–**$** 525 വരെയാണ് ഇപ്പോൾ നൽകിവരുന്നത്. പാർപ്പിടം, ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ഗതാഗതം എന്നിവ ഉൾപ്പെടെയുള്ള അവരുടെ ഇപ്പോഴത്തെ ആവശ്യങ്ങളുടെ ഏകദേശം 10 ശതമാനം മാത്രമേ ഇതിലൂടെ നിറവേറ്റാൻ കഴിയൂ. ഈ വിഹിതം ഗണ്യമായി വർദ്ധിക്കാനും ഞങ്ങൾക്കു പദ്ധതിയുണ്ട്. 1.4 ബില്യൺ ജനങ്ങളുള്ള ഈ വിശാലമായ രാജ്യത്തിന്റെ സുവിശേഷ പ്രവർത്തനത്തെക്കുറിച്ച് ലോകമെമ്പാടുമുള്ള ദൈവ മക്കൾ കൂടുതൽ അറിയാനും ശുശ്രൂഷയെ പ്രാർത്ഥനാപൂർവ്വം പിന്തുണയ്ക്കാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. **GFTI** പ്രകൃതി ദുരന്തബാധിതർക്കുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു പ്രവർത്തിച്ചു വരുന്നു. യുവാക്കളെ സിസ്റ്റമാറ്റിക് തിയോളജിയിലും തിരുവെഴുത്തുകളുടെ പഠനത്തിലും പരിശീലിപ്പിക്കുന്ന സ്റ്റുവാർഡ്സ് ബൈബിൾ കോളേജ്, ദൈവദാസന്മാരുടെ മക്കൾക്കും മറ്റ് നിർധനരും ആവശ്യക്കാരുമായ മാതാപിതാക്കൾക്കും സാമ്പത്തിക സഹായം നൽക്കുന്ന ബേർഡ് മെമ്മോറിയൽ ചിൽഡ്രൻ & ഏജ്ഡ് പീപ്പിൾ ഹോം എന്നീ രണ്ടു മിനിസ്ട്രീസിന്റെ പ്രവർത്തനങ്ങളും ഞങ്ങൾ നടത്തിവരുന്നുണ്ട്.

ഗാർഡൻ ഹിൽസ് സ്കൂൾ, മാങ്കുളം

അരുൺ കെ പോൾ, പ്രിൻസിപ്പൽ

സുവിശേഷത്തിന്റെ സുവാർത്ത ആളുകളിലേക്ക് എത്തിക്കാനുള്ള മികച്ച അവസരമാണ് ഗാർഡൻ ഹിൽസ് സ്കൂൾ. കുട്ടികളെ പഠിപ്പിച്ചുകൊണ്ടാണ് ആദ്യ മിനിസ്ട്രി ആരംഭിച്ചത്. നിർധനരായ നിരവധി കുട്ടികൾക്ക് വിദ്യാഭാസം നൽകിക്കൊണ്ട് അവരുടെ ഉന്നമനത്തിന്റെ ആവശ്യകതയും സ്കൂൾ നിറവേറ്റിവരുന്നു. നൂറുകണക്കിന് കുട്ടികൾക്ക് വിദ്യാഭ്യാസവും ഉച്ചഭക്ഷണവും നൽകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

എന്നാൽ ഞങ്ങൾ ഇപ്പോൾ വലിയ പ്രതിസന്ധി നേരിടുകയാണ്. സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഞങ്ങൾക്ക് മതിയായ കെട്ടിടങ്ങളും സ്ഥല സൗകര്യങ്ങളുമില്ല. കൂടുതൽ സൗകര്യങ്ങൾക്കും മിനിസ്ട്രിയ്ക്കു വേിയും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളും പിന്തുണയും തുടർന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇന്ത്യയിലെ സ്റ്റുവേർഡ്സ് അസോസിയേഷനിലേക്ക് നിങ്ങളുടെ സാമ്പത്തിക പിന്തുണ നേരിട്ട് അയക്കാവുന്നതാണ്. യു എസ് എയിലും കാനഡയിലും ഉള്ളവർക്ക്, നിങ്ങളുടെ സംഭാവനകൾ **GMI** വഴി കൈമാറാനും കഴിയും.

ലിവിങ് വാട്ടേഴ്സ് ഗോസ്പൽ ബ്രോഡ് കാസ്റ്റ്

ബിജു ജേക്കബ് ജോൺ, സെക്രട്ടറി

മുംബൈ നഗരത്തിൽ 70 വർഷം മുമ്പാണ് ലിവിംഗ് വാട്ടേഴ്സ് സുവിശേഷ പ്രക്ഷേപണങ്ങൾ ആരംഭിച്ചത് പരേതനായ ബ്രദർ മക്ഗ്രിഗർ നെഞ്ചേറ്റിയ സ്വപ്നവും ദർശനവുമായിരുന്നു അത് ഹാരോൾഡ് മക്ഗ്രഗർ സൗജന്യമായി കർത്താവായ യേശുക്രിസ്തുവിലുള്ള പ്രത്യാശയും വിശ്വാസത്തിലുമൂന്നി സൗജന്യമായി ഈ പ്രക്ഷേപണം റേഡിയോ സിലോണിലൂടെ ആരംഭിച്ചതിലൂടെ അദ്ദേഹത്തിന്റെ സ്വപ്നം യാഥാർത്ഥ്യമായി.ചെയർമാൻ ശ്രീ. ബി. എം. നിംബർഗിയുടെ മാർഗനിർദ്ദേശപ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. ടി വി സംപ്രേക്ഷണം, ഇന്റർനെറ്റ് വഴിയുള്ള റേഡിയോ പ്രക്ഷേപണം, എമ്മാവൂസ് ബൈബിൾ പഠന സാഹിത്യവുമായി അന്വേഷകരെ ബന്ധിപ്പിക്കുന്ന തുടർ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സുവാർത്ത എത്തിക്കുന്നു. ടി വിയിലൂടെയും റേഡിയോയിലൂടെയും ലോകമെമ്പാടുമുള്ള അനേകരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എല്ലാ പ്രധാന ഇന്ത്യൻ ഭാഷകളിലെയും ബൈബിൾ, വ്യാഖ്യാനങ്ങൾ, പഠന സാമഗ്രികൾ എന്നിവയുള്ള ഒരു മികച്ച ഉറവിടമാണ് വെബ് പോർട്ടൽ. **Anroid, ios** ആപ്പുകൾ, ഒന്നിലധികം ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലുമുള്ള പാട്ടുകളും സന്ദേശങ്ങളും വർഷം മുഴുവനും 24X7 ലഭ്യമാണ്. ഇംഗ്ലീഷ്, ഹിന്ദി, മറാത്തി, കന്നഡ, ഒഡിയ, ബംഗാളി എന്നീ ഭാഷകളിലുള്ള 4,000ത്തിലധികം സന്ദേശങ്ങളും പാട്ടുകളും ഇന്ന് ലഭ്യമാണ് മറ്റ് ഇന്ത്യൻ ഭാഷകളിലും സുവിശേഷ സന്ദേശങ്ങൾ നൽകാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ദൈവാനുഗ്രഹത്താൽ നേപ്പാളി ഭാഷയിലുള്ള പ്രക്ഷേപണം ഈ മാസം ആരംഭിക്കും. ടിവിയിൽ പ്രക്ഷേപണം ചെയ്ത എല്ലാ മുൻ സന്ദേശങ്ങളുടെയും ഒരു ശേഖരം വെബ്സൈറ്റിലും ആപ്പിലും ലഭ്യമാണ് ലിവിംഗ് വാട്ടർ (ഇംഗ്ലീഷ്), ജീവൻ ജല് (ഹിന്ദി) എന്നിവയാണ് യൂട്യൂബ് ചാനലുകൾ. ഓരോ ഭാഷയിലും ദിവസവും 140 സന്ദേശങ്ങളാണ് പ്രചരിക്കുന്നത് നേപ്പാളി, തെലുങ്ക്, തമിഴ്, മലയാളം എന്നിവയാണ് റോഡ്മാപ്പിലെ പുതിയ ഭാഷകൾ.

പ്രത്യാശാ തീരത്ത്

സിസ്റ്റർ ഗ്രേസ് ജോർജ്ജ്

എറണാകുളം: കളമശ്ശേരി ബ്രദറൺ അസംബ്ലി അംഗം ബ്രദർ ബിജോയ് ജോൺസ് ജോർജ്ജ് , ബ്രദർ ബെൻ ജേക്കബ് ജോർജ്, എന്നിവരുടെ മാതാവായ സിസ്റ്റർ ഗ്രേസ് ജോർജ്ജ് (90) 2024 സെപ്റ്റംബർ 30ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഒക്ടോബർ 2ന് കളമശ്ശേരി ബ്രദറൺ സെമിത്തേരിയിൽ നടത്തി.

മക്കൾ: ബ്രദർ ബിജോയ് ജോൺസ് & സിസ്റ്റർ ഡെയ്സി ബിജോയ്. ബ്രദർ ബെൻ ജേക്കബ് ജോർജ് & ഷീല ജേക്കബ്.

കൊച്ചുമക്കൾ:

അലൻ ബിജോയ് & ക്രിസ്റ്റി കുര്യാക്കോസ്, ജെസ്സിക്ക & ജെറമി, എലീൻ ബിജോയ് & ബെൻ കുര്യൻ, ജോനാഥൻ, ജോവാൻ, എലനോർ, ഇയാൻ, അരബല്ല

സിസ്റ്റർ ഭവാനി ജോയി

കുളത്തൂർ: നെടുമ്പാല ബ്രദറൺ സഭാംഗമായ കരിമ്പനാകുഴിയിൽ പരേതനായ ജോയിയിടെ ഭാര്യ ഭവാനി (62) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ഒക്ടോബർ 10ന് നെടുമ്പാല ബ്രദറൺ സഭയുടെ ചുമതലയിൽ കുംഭംകുളം ബ്രദറൺ സഭാസെമിത്തേരിയിൽ നടത്തി.

ബ്രദർ പി. എ. പോൾ

തൃശൂർ: പുറത്തൂർ വീട്ടിലെ ബ്രദർ പി. എ. പോൾ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസം സ്കാരം ഒക്ടോബർ 4ന് നടത്തി.

ലീല ജസ്റ്റസ്

പാക്കോട്: സിസ്റ്റർ ലീല ജസ്റ്റസ് കർത്തൃസന്നിധിയിൽ 28 Sep ചേർക്കപ്പെട്ടു. സെപ്തംബർ മുപ്പതിന് ശവസംസ്ക്കാര ശുശ്രുഷ നടത്തി.

സിസ്റ്റർ ഗ്രേസി എബ്രഹാം

വാണിയംകുളം: വാണിയംകുളം ബ്രദറൺ അസംബ്ലി അംഗവും പരേതനായ കെ.കെ. എബ്രഹാമിന്റെ (ജോയിക്കുട്ടി) ഭാര്യയുമായ സിസ്റ്റർ ഗ്രേസി എബ്രഹാം (77) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം സെപ്റ്റംബർ 30ന് വാണിയംകുളം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

മക്കൾ: ബ്രദർ പ്രസാദ് കെ എബ്രഹാം, ബ്രദർ പ്രമോദ് കെ. എബ്രഹാം, ബ്രദർ വിനോദ് കെ എബ്രഹാം, സിസ്റ്റർ വിൻസി ബെസാലി, സിസ്റ്റർ ജെസ്സി, സിസ്റ്റർ സുനി, സിസ്റ്റർ ജിജി, സിസ്റ്റർ ബെസാലി, പ്രെയ്സി, ആരോൺ, ഗിഫ്റ്റ, ഷോൺ, റോൺ, ഡെനിറ്റ, ഡാനി, ബെനിറ്റ, ബെനെറ്റോ.

ബ്രദർ പി.ടി. ബോവാസ്

BRO. P. T. BOVAS

അടൂർ: അടൂർ പരുത്തപ്പാറയിലെ ഹെബ്രോൺ ബ്രദറൺ അസംബ്ലി അംഗമായിരുന്ന ബ്രദർ പി. ടി. ബോവാസ് (71) സെപ്റ്റംബർ 26ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ഒക്ടോബർ 1ന് പരുത്തപ്പാറ ഹെബ്രോൺ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

ഭാര്യ: സിസ്റ്റർ സാലി ബോവാസ്,

മക്കൾ: സിസ്റ്റർ സിബി ബോവാസ് & ബ്രദർ ആനന്ദ് വി.സി., സിസ്റ്റർ ടിസ്സി ബോവാസ് & ബ്രദർ ജോസഫ് പ്രവീൺ, അശ്വിൻ, എയ്ഡൻ, ജെയ്ഡ്ൻ, ജെറിൻ.

ബ്രദർ കൊച്ചു ഉക്രു

പഴഞ്ഞി: കൊള്ളന്നൂർ വീട്ടിൽ കൊച്ചു ഉക്രു(78) മുൻ എഞ്ചിനീയർ (കെ. എസ്ഇബി) കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. പഴഞ്ഞി ക്രിസ്ത്യൻ ബ്രദറൺ ചർച് സെമിത്തേരിയിൽ ശവ സംസ്കാരം നടത്തി.

ഭാര്യ: വൽസ,മക്കൾ: ടെന്നി & പിങ്കി ടെന്നി, ബിന്നി (ശാലോം ടി വി) & സംഗീത ബിന്നി.

കൊച്ചുമക്കൾ: ടീന എലിസബേത് ടെന്നി ,ടാനിയ ആൻ ടെന്നി, സാമുവേൽ ബിന്നി

ബ്രദർ. ഒ.വി.ജോസഫ്

ബ്രദർ. ഒ.വി.ജോസഫ് (82) ഒക്ടോബർ 19ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു.

ഭാര്യ: പരേതയായ മറിയാമ്മ ജോസഫ്

മക്കൾ: ഷിജു& സ്മിത (ദോഹ) . സ്റ്റാൻലി ജോസഫ് & ആശ സ്റ്റാൻലി (തിരുവനന്തപുരം)

കൊച്ചുമക്കൾ:

അലൻ,ആരോൺ

ജോഷ് സ്റ്റാൻലി, ജോനാഥൻ സ്റ്റാൻലി



“That this is God, our God forever and ever. He will guide us forever.”
PSALM 48:14



Justin's Home

JUSTIN'S HOME
Disability Center

We care for body & soul

സ്ഥാപനത്തിന്റെ പ്രത്യേകതകൾ

- പ്രത്യേക യോഗ്യത നേടിയ അദ്ധ്യാപകർ
- സ്പെഷ്യൽ ഡോക്ടേഴ്സ്
- ഫിസിയോ തെറാപ്പിസ്റ്റ്
- ഒക്യുപേഷണൽ തെറാപ്പിസ്റ്റ്
- തൊഴിൽപരമായ പ്രത്യേക പരിശീലനങ്ങൾ
- വിദേശത്തുനിന്നു സന്ദർശക അദ്ധ്യാപകർ
- ഓരോ കുട്ടിക്കും വ്യക്തിഗത ശ്രദ്ധ നല്കുന്നു
- കുട്ടികൾക്ക് ആകർഷകങ്ങളായ കളിപ്പാട്ടങ്ങൾ
- സ്കൂൾ ബസ് സൗകര്യം
- പ്രത്യേകം സജ്ജീകരിച്ച ക്ലാസ്സ് മുറികൾ
- പാഠ്യേതര പ്രവർത്തനങ്ങൾ
- ശാന്തമായ അന്തരീക്ഷം

Kaviyoor P.O, Thiruvalla, 689541, Kerala
Cell # 9447126182
Email id : justinshome@sathyam.org



Purpose

The M.Div. program is designed to prepare students for both academic and ministry. This program is a two or three year, residential programme that provides a comprehensive graduate level theological degree covering a wide range of general and specialized subjects, designed to prepare students for full-time service within local churches as well as para-church organizations. The curriculum is designed to prepare students for the work of the ministry through a comprehensive study of the biblical and theological disciplines along with the discovering, nurturing and developing of their God-given gifts to become more effective in the service of the body of Christ.

Qualifications for Admission

- Candidates must have a Bachelor Degree from a recognized university.

Or

Candidates must have a B.Th. degree from an institution either accredited by Asia Theological Association or Senate of Serampore College.

- All candidates must pass a qualifying entrance examination conducted by Sathyam Theological Seminary in which they should obtain minimum 60%.
- Candidates, who do not have necessary academic requirements but are above 35 years of age, are eligible to apply as matured candidates. Such applicants must have passed the 10th standard and write three qualifying papers.
- B.Th. holders with B grade and above can be admitted directly into M.Div. 2nd year.
- B.Th. holders from STS must have one-year ministry experience before they apply for M.Div. second year at STS.
- Women candidates with B.Th. second class can apply immediately after completing their B.Th.
- STS B.Th. holder with B+ and one-year ministry experience, good testimony and 60% in qualifying exams admitted to M.Div. second year.

SATHYAM THEOLOGICAL SEMINARY
Started M.Div Course at Bangalore

A Christian Brethren Institution to train Faithful men to proclaim the gospel of Jesus Christ and Establish local Assemblies according to the New Testament Pattern

Chairman: Dr.C.V.Vadavana
Principal: Dr.Sunilmon Lukose, B.Th, M.Div, M.Th, P.h.D
Dean of Students: Abraham V.S, B.Th, B.Div, M.Th

SATHYAM THEOLOGICAL SEMINARY

പ്രാർത്ഥന- സഹായം

പ്രാർത്ഥനക്ക് നന്ദി

മധുരൈ: ബ്രദർ ജോൺസ് ചെറിയാന്റെ ആരോഗ്യനിലയിൽ പുരോഗതിയുണ്ട് അടുത്തിടെ നടത്തിയ സിടി സ്കാൻ തലച്ചോറിൽ കൂടുതൽ വ്യാപനമില്ലെന്ന് സ്ഥിരീകരിച്ചു. ഡോക്ടർമാരുടെ നിർദേശപ്രകാരം തുടർചികിത്സയ്ക്കും പുനരധിവാസത്തിനുമായി മധുരയിൽ നിന്ന് വെല്ലൂർ സി എം സി ആശുപത്രിയിലേക്ക് മാറ്റും. നിങ്ങളുടെ പ്രാർത്ഥനകൾക്ക് നന്ദി. വേഗത്തിൽ പൂർണ്ണമായി സൗഖ്യം പ്രാപിക്കാൻ തുടർന്നും പ്രാർത്ഥിക്കുക.

പ്രാർത്ഥനാ അഭ്യർത്ഥന

കണ്ണൂർ: ബ്രദർ കെ. സി. തോമസിനുവേണ്ടി പ്രാർത്ഥിക്കുക. എരുത്തകടവ് ബ്രദറൺ അസംബ്ലി സഭാംഗം ബ്രദർ കെ. സി. തോമസ് (ജോർജ്ജുകുട്ടി) ഹൃദയ സംബന്ധമായ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകയാണ്. 2024 ഒക്ടോബർ 2 ന് നെഞ്ചുവേദനയെ തുടർന്ന് കണ്ണൂർ അഞ്ചരക്കിയിലെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഒക്ടോബർ 3 ന് അദ്ദേഹത്തെ ആൻജിയോഗ്രാമിന് വിധേയനാക്കുകയും ചെയ്തു. ബ്ലോക്കുകളുള്ളതിനാൽ വേഗത്തിലും പൂർണ്ണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക..

ബ്രദർ കെ. എസ് ജോണിനു വേണ്ടി പ്രാർത്ഥിക്കുക

പത്തനംതിട്ട: കെ. എസ്. ജോൺ പക്ഷാഘാതത്തെ തുടർന്ന് തിരുവല്ല ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇപ്പോൾ വീട്ടിൽ വിശ്രമിക്കുന്ന അദ്ദേഹത്തിന്റെ വലതു കൈയ്ക്ക് ചിലബുദ്ധിമുട്ടുകൾ ഉായതിനെ തുടർന്ന് ഫിസിയോതെറാപ്പി ചെയ്തുകൊിരിക്കുന്നകയാണ്. പൂർണ്ണമായ വിടുതലായി പ്രാർത്ഥിക്കുക.

പ്രാർത്ഥനയ്ക്ക് നന്ദി...

ബീഹാർ: ഇവ. ബെന്നി ചാക്കോയ്ക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി. സെപ്റ്റംബർ 8ന് അദ്ദേഹത്തിന്റെ ഭാര്യ സിസ്റ്റർ പ്രിസില്ലയുടെ രക്ത സമ്മർദ്ദം 180/100 ആയും ക്രിയാറ്റിന്റെ അളവ് 5.6 ലേക്കും ഉയർന്നു. അടിയന്തിര ചികിത്സയ്ക്കായി തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വൃക്കയിലെ അണുബാധയും മറ്റു ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും ഉള്ളതായി കണ്ടെത്തി. രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബീഹാറിലെ മെഡിക്കൽ സൗകര്യങ്ങൾ അപര്യാപ്തമായതിനാലാണ് ചികിത്സയ്ക്കായി കേരളത്തിൽ കൊണ്ടുവന്നത്.


“It is God who arms me with strength and keeps my way secure.”
—Psalm 18:32

പ്രാർത്ഥനാ സഹായത്തിനായി അപേക്ഷിക്കുന്നു

അടൂർ: അടൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം ബ്രദർ സാം മാത്യുവിനു വേണ്ടി പ്രാർത്ഥിക്കുക. സ്മോൾ സെൽ പ്രോസ്റ്റേറ്റ് ക്യാൻസറിന്റെ നാലാം ഘട്ടത്തിലാണ്. കീമോതെറാപ്പി ചെയ്യാൻ ഡോക്ടർ നിർദ്ദേശിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആശ്വാസത്തിനും വേഗത്തിൽ സുഖം പ്രാപിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക.

അടിയന്തിര പ്രാർത്ഥന അഭ്യർത്ഥന

പുല്ലാട്: പുല്ലാട് എബനേസർ ബ്രദറൺ ക്രിസ്ത്യൻ ചർച്ച് അംഗം സിസ്റ്റർ എലിസബത്ത് തോമസ് (ലില്ലിക്കുട്ടി)നായി തുടർന്നും പ്രാർത്ഥിക്കുക. സെപ്റ്റംബർ 29 മുതൽ വീണ്ടും കല്ലിശ്ശേരിയിലെ കെ. എം. ചെറിയാൻ ഹോസ്പിറ്റലിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ശ്വാസകോശത്തിലെ അണുബാധയെത്തുടർന്ന് അപകടകരമായ അവസ്ഥയിലാണ്. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

നീലംപേരൂർ: കുട്ടനാട് ബ്രദറൺ അസംബ്ലിയിലെ സുവിശേഷകൻ ഈറയിലെ ബ്രദർ സജിമോൻ പി. എം. നുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹത്തെ 2024 സെപ്റ്റംബർ 24ന് അപ്പെൻഡിസൈറ്റിസിന് വേണ്ടിയുള്ള ശസ്ത്രക്രിയയ്ക്കായി തിരുവല്ല ടി.എം.എം. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സെപ്റ്റംബർ 26ന് അദ്ദേഹം ശസ്ത്രക്രിയക്ക് വിധേനായി. ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായി. വേഗത്തിൽ സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

ബ്രദർ എം. ഡി ജെയിംസിനുവേണ്ടി പ്രാർത്ഥിക്കുക

കർണാടക: ബ്രദർ എം ഡി ജെയിസിനു വേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹത്തെ ആഴ്ചയിൽ മൂന്ന് തവണ ഡയാലിസിന് വിധേയനായിക്കൊിരിക്കുകയാണ്. ചുമ ബാധിതനായി ശ്വാസതടസ്സം അനുഭവപ്പെട്ട അദ്ദേഹത്തെ സെപ്റ്റംബർ 26, 2024 മണിപ്പാലിലെ കസ്തൂർബ ആശുപത്രിയിലെ ഐസിയുവിൽ പ്രവേശിപ്പിച്ചു. ശ്വാസകോശത്തിൽ വെള്ളം കെട്ടുകയും ഓക്സിജൻ സാച്ചുറേഷൻ ലെവൽ 50% താഴ്ന്നതിനെത്തുടർന്ന് രാത്രി അടിയന്തര ഡയാലിസിസിന് വിധേയനാക്കി. അടുത്തടുത്ത ദിവസങ്ങളിലായി ഒരു ഡയാലിസിസ് കൂടി ചെയ്യേണ്ടി വന്നേക്കാം. ഓക്സിജൻ മാസ്കു വഴി ഓക്സിജൻ ലെവൽ 100% ശതമാനമായി ഉയർന്നിട്ടുണ്ട് ശരിയായ ചികിത്സയ്ക്കും വേഗത്തിലുള്ളതും പൂർണ്ണവുമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

ചങ്ങനാശ്ശേരി: ഇവാ. പി. വേണുഗോപാൽ സെപ്റ്റംബർ 30ന് കോലഞ്ചേരി എം ഒ എസ്സി മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി പരിശോധനൾക്ക് ശേഷം പ്രോസ്റ്റേറ്റ് ഗ്രന്ഥിയുമായി ബന്ധപ്പെട്ട ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനാകണമെന്ന ഡോക്ടർമാരുടെ നിർദ്ദേശത്തെ തുടർന്ന് ഒക്ടോബർ 5ന് ശസ്ത്രക്രിയയ്ക്ക് വിധേയനായി. വേഗത്തിൽ സുഖം പ്രാപ്പിക്കാൻ വേണ്ടി പ്രാർത്ഥിക്കുക.

പ്രാർത്ഥനയും ചികിത്സാസഹായവും തേടുന്നു........!

ഒഡിഷ: ബ്രദർ സുജിത് കുമാർ സുനയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. 2024 ഒക്ടോബർ 1 ന് ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ICU-വിൽ പ്രവേശിപ്പിക്കുകയും 2024 ഒക്ടോബർ 3 ന് ഡിസ്ചാർജ് ചെയ്തു. തുടർചികിത്സ SVT (സൂപ്രവെൻട്രിക്കുലാർ ടാക്കിക്കാർഡിയ) ചികിത്സക്കുന്നതിനായി അദ്ദേഹം ഒരു കാർഡിയോളജിസ്റ്റിനെ കാണാനും തുടർ ചികിത്സയ്ക്കായി വെല്ലൂർ സിഎംസി ആശുപത്രിയിലേക്ക് പോകാനാണ് തീരുമാനിച്ചിരിക്കുന്നുത്. വേഗത്തിൽ പൂർണ്ണമായി സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

Name: Sujit Kumar Suna
SB Account No: 30039847937
Bank: State Bank of India
Branch: Koraput, Odisha (Orissa)
IFS Code: SBIN0000121
G Pay Number:+917978868463
Email:sujitkumarsuna@yahoo.com.
Mobile:+91 9438640106

◆

റാന്നി: ബ്രദർ ബിനുമോൻ കെ.കെ. കടുത്ത ശ്വാസതടസ്സവും മറ്റു പലവിധ പ്രശ്നങ്ങളും കഴിഞ്ഞ കുറച്ചു നാളുകളായി വൈദ്യപരിശോധനയിൽ ശ്വാസകോശത്തിൽ വെള്ളം കെട്ടിയിട്ടുണ്ടെന്നും ഇത് നീക്കം ചെയ്യണമെന്നും ഫിസ്റ്റുലയുടെ പ്രശ്നം കാരണം ഇതിനു പുറമെ കടുത്ത വേദന അനുഭവിക്കുകയും അടിയന്തിര ശസ്ത്രക്രിയയും ആവശ്യമാണ്. വേഗത്തിൽ ആശ്വാസത്തിനായി അതിനാൽ ആത്മാർത്ഥമായ പ്രാർത്ഥനകൾ ചോദിക്കുന്നു. ഈ സഹോദരന് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഓപ്പറേഷനും തുടർ ചികിത്സയ്ക്കും ആവശ്യമായ സഹായം നൽകാൻ താൽപര്യമുള്ളവർ താഴെ നൽകിയിരുക്കുന്നു.

Name: Binumon K K
Bank: South Indian Bank
SB A/c No: 0422053000001572
IFS Code: SIBL
Branch: Ferozpur
Brother Ayub’s wife’s Mobile number
+91 7589936953

◆

പഞ്ചാബ്: ഹബീബ് വാല ബ്രദറൺ അസംബ്ലി അംഗം ബ്രദർ അയൂബ് സെപ്റ്റംബർ 28ന് ഉായ അപകടത്തെ തുടർന്ന് കെഡി ഹോസ്പിറ്റലിലെ ഐസിയുവിൽ പ്രവേശിപ്പിച്ചു. ഇടുപ്പെല്ല് തകർന്നിതിനാൽ ശസ്ത്രക്രിയ വേഗത്തിൽ നടത്തണമെന്നാണ് ഡോക്ടർമാർ അറിയിച്ചിരിക്കുന്നത്. 2.5ലക്ഷം രൂപ (2,50,000) രൂപയാണ് ശസ്ത്രക്രി യയുടെ ചെലവ്. ചികിത്സയ്ക്കായി അദ്ദേഹത്തെ സാമ്പത്തിക സഹായം നൽകണമെന്നും വേഗം സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യണമെന്നും അപേക്ഷിക്കുന്നു. അക്കൗണ്ട് വിശദാംശങ്ങൾ ചുവടെ നൽകിയിരുക്കുന്നു.

Name: AYUB
Bank: Canara Bank
SB A/c No: 1101 938 34020
IFS Code: CNRB0002094

പ്രാർത്ഥന സഹായം അപേക്ഷിക്കുന്നു

ഛത്തീസ്ഗഡ്: മഞ്ഞപ്പിത്തബാധിതനായി ഗുരുതരാവസ്ഥയിലെത്തിയ ബ്രദർ പ്രകാശ് കുജൂറിനെ വിദഗ്ദ്ധ ചികിത്സയക്കായി അംബികാപുരിലേക്കു കൊണ്ടുപോയി. ഒന്നിലേറെ അവയവങ്ങളുടെ പ്രവർത്തനം തകരാറിലായതിനാൽ ഡയാലിസിസിന് നിർദ്ദേശിച്ചിരിക്കുകയാണ്.

റാന്നി: മുക്കട ബ്രദറൻ അസംബ്ലി അംഗം ഇവാ. ബിനേഷ് ജോണിന്റെ മാതാവ് സിസ്റ്റർ ഏലിക്കുട്ടി ജോണിനായി പ്രാർത്ഥിക്കുക. മസ്തിഷ്കാഘാതത്തെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ശാരീരിക ബല ഹീനതയും സംസാരിക്കാൻ ബുദ്ധിമുട്ടും അനുഭവപ്പെടുന്നു. പൂർണ്ണ രോഗസൗ ഖ്യത്തിനായി പ്രാർത്ഥിക്കുക.


[Jesus said,] "I have told you these things, so that in me you may have peace. In this world you will have trouble. But take heart! I have overcome the world.
John 16:33 NIV

പ്രാർത്ഥനയിൽ ഓർക്കേണമേ

ചങ്ങനാശ്ശേരി: ഇവാ. പി. വേണുഗോപാൽ സെപ്റ്റംബർ 30ന് കോലഞ്ചേരി എം ഒ എസ്സി മെഡിക്കൽ കോളേജ് ആ ശുപത്രിയിലേക്ക് കൊണ്ടുപോയി പരിശോധനൾക്ക് ശേഷം പ്രോസ്റ്റേറ്റ് ഗ്രന്ഥിയുമായി ബന്ധപ്പെട്ട ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനാകണമെന്ന് ഡോക്ടർമാരുടെ നിർദ്ദേശത്തെ തുടർന്ന് ഒക്ടോബർ 5ന് ശസ്ത്രക്രിയയ്ക്ക് വിധേയനായി. ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാനും വേഗത്തിൽ സുഖം പാപ്പിക്കാൻ വേണ്ടി പ്രാർത്ഥിക്കുക.

കർണാടക: ബ്രദർ എം ഡി ജെയിസിനു വേി പ്രാർത്ഥിക്കുക. അദ്ദേഹത്തിന് ആഴ്ചയിൽ മൂന്ന് തവണ ഡയാലിസിന് വിധേയനായിക്കൊിരിക്കുകയാണ് ചുമ ബാധിതനായി ശ്വാസതടസ്സം അനുഭവപ്പെട്ട അദ്ദേഹത്തെ സെപ്റ്റംബർ 26,2024 മണിപ്പാലിലെ കസ്തൂർബ ആശുപത്രിയിലെ ഐസിയുവിൽ പ്രവേശിപ്പിച്ചു. ശ്വാസകോശത്തിൽ വെള്ള കെട്ടുകയും ഓക്സിജൻ സാച്ചുറേഷൻ 50% ലെവൽ താഴ്ന്നതിനെത്തുടർന്ന് ഇന്നലെ രാത്രി അടിയന്തര ഡയാലിസിസിന് വിധേയനാക്കി. അടുത്തടുത്ത ദിവസങ്ങളിലായി ഒന്നുരു ഡയാലിസിസ് കൂടി ചെയ്യേണ്ടി വന്നേക്കാം. ഓക്സിജൻ മാസ്കു വഴി ഓക്സിജൻ ലെവൽ 100% ശതമാനമായി ഉയർന്നിട്ടു ശരിയായ ചികിത്സയ്ക്കും വേഗത്തിലുള്ളതും പൂർണ്ണവുമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

അറിയിപ്പുകൾ

YMEF ബൈബിൾ ക്യാമ്പ് സംഘടിപ്പിച്ചു

പാലക്കാട്: മലബാർ ഡിവിഷൻ ഒക്ടോബർ 1– 3 വരെ ബൈബിൾ ക്യാമ്പ് സംഘടിപ്പിച്ചു. വൈകിട്ട് 6 മുതൽ ഉച്ചയ്ക്ക് 2 വരെ ക്രിസ്ത്യൻ ബ്രദറൺ സഭാഹാളിൽ നടന്ന ക്യാമ്പിൽ ബ്രദർ എബി.കെ.ജോർജ്ജ് മുഖ്യാതിഥി ആയിരുന്നു.

ഗോസ്പെൽ മ്യൂസിക്കൽ ഈവന്റ്

ആറന്മുള: ഇടശ്ശേരിമല ബ്രദറൻ ചർച്ചിൽ വച്ച് ഒക്ടോബർ 2നു വചനപ്രഭാഷണവും ഗാനശുശ്രൂഷയും സംഘടിപ്പിച്ചു. വൈകുന്നേരം 6നു നടന്ന പരിപാടിയിൽ ഇവാ. ജോൺ കുര്യൻ, കോട്ടയം പ്രസംഗവും ബ്രദർ ആറന്മുള ബേബി, കോട്ടയം ഗാനശുശ്രൂഷയും നിർവഹിച്ചു.

സുവിശേഷകൻ ബാലസംഘം ഏകദിന സമ്മേളനം

തൃശൂർ: തൃശൂർ സെന്റർ സുവിശേഷകൻ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ 5– 19 വയസ്സു വരെയുള്ള കുട്ടികൾക്കായി ഏകദിന സമ്മേളനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 31നു കിഴക്കേക്കോട്ട ക്രിസ്ത്യൻ ബ്രദ്റൺ ചർച്ചിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ സുവിശേഷകൻ ഗോഡ്സൺ വാലയിൽ, വയനാട് മുഖ്യാതിഥി ആയിരിക്കും. മാറുന്ന ലോകത്തിൽ മാറാത്ത വിശ്വാസം എന്നതാണ് പ്രമേയം. വേദ വിജ്ഞാനത്തെ അധികരിച്ച് മത്സരവും ഉണ്ടാവും. 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കൂടുതൽ വിവരങ്ങൾക്കായി 9778461141/ 9388661286 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഏകദിന സമ്മേളനം

തൃശൂർ: യംഗ് മെൻസ് ഇവാഞ്ചലിക്കൽ ഫെല്ലോഷിപ്പ് തൃശൂർ യൂണിറ്റ് (എൻ ടി ട്രസ്റ്റ്) ഒക്ടോബർ 2ന് ഏകദിന സമ്മേളനം നടത്തി. താളിക്കോട് ഇമ്മാനുവൽ ചർച്ചിൽ വച്ചു നടന്ന സമ്മേളനത്തിൽ ബോബി തോമസ് മുഖ്യാതിഥി ആയിരുന്നു.

USB
mp3
GOLDEN HITS OF SATHYAM MUSICS
അംബ യെരുശലേം
EVER LASTING SONG
SONGS OF SATHYAM
1.അംബയെരുശലേം 63 SONGS
2.എന്റെ ദൈവം 63 SONGS
3.പരപരമേശാ 13 SONGS
4.പരമ കരുണാ 13 SONGS
5.സ്തുതിക്കാം 14 SONGS
Total 166 SONGS
SATHYAM PUBLICATIONS
Thottabhagom P.O
Thiruvalla 689 541, Kerala, India
+(91) 9447126182, +(91) 9446513555
E-mail: admin@sathyamministry.org
Website: www.sathyam.org
www.sathyampublications.com
AMBAYERUSALEM
MRP. 500/-
SATHYAM PUBLICATIONS PRESENTS

35 YEARS
SATHYAM MINISTRIES
English, Hindi, Malayalam & Tamil Tracts Available

ബ്രദ്റൺ ചർച്ച് കൺവെൻഷൻ 2025 ജനുവരിയിൽ

കൊട്ടാരക്കര: ബ്രദ്റൺ കൺവെൻഷൻ ജനുവരി 13– 19 വരെ നടത്തപ്പെടുന്നു. എബി.കെ.ജോർജ്, ജെയിംസ് എം തോമസ്, ബിജു ചുവന്നമണ്ണ്, പി.വി.ജെയിംസ്, ജോൺ കുര്യൻ എന്നിവർ വചന ശുശ്രൂഷ നൽകി. ഒക്ടോബർ 20 ന് വൈകിട്ട് 3.30ന് കുളത്തൂപ്പുഴ ബ്രദ്റൺ ചർച്ചിൽ വച്ചു നടന്ന പ്രാർത്ഥനാ യോഗത്തിൽ ബ്രദർ ജോസ് ജോർജ് കലഞ്ഞൂർ മുഖ്യസന്ദേശം നൽകി.

പ്രാർത്ഥനാ സമ്മേളനം

കലഞ്ഞൂർ: വൈ. എം. ഇ. എഫ് സൗത്ത് ഡിവിഷൻ ട്രസ്റ്റ് കലഞ്ഞൂർ ബ്രദ്റൺ അസംബ്ലിയുടെയും വൈ. എം. ഇ. എഫ് പത്തനാപുരം സെന്ററിന്റെയും സഹകരണത്തോടെ പ്രാർത്ഥനാ സമ്മേളനം നടത്തി. സെപ്റ്റംബർ 29 ന് കലഞ്ഞൂർ ബ്രദ്റൺ അസംബ്ലി ഹാളിൽ നടന്ന സമ്മേളനത്തിൽ ബ്രദർ ടി.ചാക്കോ വചന ശുശ്രൂഷ നിർവഹിച്ചു.

SATHYAM PUBLICATIONS
ESTD: 1988
Now available on
amazon
Visit sathyam publications
amazon store
For new collections
Check the link on description
Thottabhagom, Tiruvalla
www.sathyampublications.com
Email : admins@sathyamministry.org
Phone : 9447126182, 9446513555


SATHYAM PUBLICATIONS
ORDER NOW!!
HINDI-MALAYALAM STUDY BIBLE
Retail Price: Rs. ~~1550~~/-
DISCOUNT 20%
Our Price: Rs. 1240/-
Sathyam Publication, Thottabhagom P.O.
Thiruvalla, Kerala
9447126182,9446531555

SATHYAM PUBLICATIONS
visit our new publication website
www.sathyampublications.com
Buy books online!



സുവിശേഷകൻ ബാലസംഘം

കോട്ടയം സെന്റർ

ഏകദിന സമ്മേളനം

GATEWAY-24

Christ alone series part - II

പ്രധാന വിഷയം "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു."
(യോഹന്നാൻ 14:6)

2024
ഒക്ടോബർ 31
വ്യാഴം
9am-4pm

ചിൽഡ്രൻസ് വില്ലേജ്
അരീപ്പറമ്പ്

ലീഡേഴ്സ് :
ബിജു കണ്ണൻ
ജെയ്സൺ കൊട്ടാരക്കര
സാം വെമ്പുഴ

വേദമത്സരങ്ങൾ

കിഡ്സ് ഗ്രൂപ്പ് (5 വയസ്സുവരെ)	പാട്ട്, കഥ, വാക്യപരിചയം	C ഗ്രൂപ്പ്	(12–14)	പാട്ട്, വേദപരിചയം വേദവിജ്ഞാനം
A ഗ്രൂപ്പ് (6–8)	പാട്ട്, കഥ, വാക്യപരിചയം			
B ഗ്രൂപ്പ് (9–11)	പാട്ട്, വേദവിജ്ഞാനം വേദപരിചയം	D ഗ്രൂപ്പ്	(15–17)	പാട്ട്, പ്രസംഗം, വേദവിജ്ഞാനം

നിബന്ധനകൾ

● വേദവിജ്ഞാനം യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും ● പാട്ട് YMEF പുറത്തിറക്കിയ ആത്മീയഗീതത്തിൽ നിന്ന് പല്ലവിയും ഒരു ചരണവും മാത്രം ● കഥ ബൈബിളിൽ നിന്നുള്ളതുമാത്രം ● പാട്ട്, കഥ മത്സരങ്ങളിൽ ഒരു ഗ്രൂപ്പിൽ ഒരു സഭയിൽ നിന്ന് പരമാവധി 2 പേർക്ക് പങ്കെടുക്കാം.

രജിസ്ട്രേഷൻഫീസ് ഉണ്ടായിരിക്കുന്നതല്ല., ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്
ബിജു എബ്രഹാം (9446045885), എബി ടി.ഐസക്ക് (8086576524)

എത്തിച്ചേരാനുള്ള വഴി : കോട്ടയം പള്ളിക്കത്തോട് റൂട്ടിൽ അരീപ്പറമ്പ് അമ്പലപ്പടി ജംഗ്ഷനിൽ ഇറങ്ങുക. അരീപ്പറമ്പ് ബ്രദറൺ സഭാ ഹോളിന് എതിർവശമാണ് ചിൽഡ്രൻസ് വില്ലേജ്.

യേശുവിന്റെ
ജീവവചനം
YESHUVINTE JEEVAVACHANAM
അക്ഷരത്തിലൂടെ ആത്മാക്കൾ

Date of Publication: DD/MM/YY
RNI Reg. No. KERMAL/2012/42077

തിരുവല്ല മെഡിക്കൽ മിഷൻ

ലോക മാനസികാരോഗ്യ ദിനം അനുസ്മരിച്ചു

തിരുവല്ല: തിരുവല്ല മെഡിക്കൽ മിഷൻ ടിഎംഎം കോളേജിന്റെയും നഴ്സിംഗ് കോളേജിന്റെയും സഹകരണത്തോടെ ലോക മാനസികാരോഗ്യ ദിനം അനുസ്മരിച്ചു. ബോധവത്കരണവും സൗജന്യ മാനസികാരോഗ്യ പരിശോധനയും എന്ന വിഷയത്തിന് ഊന്നൽ കൊടുത്തുകൊണ്ട് നടത്തിയ പരിപാടി ചെയർമാൻ ജോർജ്ജ് കോശി മൈലപ്ര ഉദ്ഘാടനം ചെയ്തു. തൊഴിലിടങ്ങളിലെ മാനസികാരോഗ്യം എന്ന വിഷയത്തെ അധികരിച്ച് ഡോ. ജോൺ ജേക്കബ് ഉൾപ്പെടെയുള്ള നിരവധി വിദഗ്ദ്ധർ സംസാരിച്ചു. നഴ്സിംഗ് വിദ്യാർത്ഥികൾ മാനസികാരോഗ്യത്തെ കുറിച്ചുള്ള അവതരണങ്ങളും ഹ്രസ്വചിത്രവും പ്രദർശിപ്പിച്ചു. അടുത്ത ആഴ്ച നടത്തുന്ന സൗജന്യ മാനസികാരോഗ്യ പരിശോധനയിൽ ടിഎംഎം ജീവനക്കാർക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാൻ അനുവദിക്കുന്ന ഒരു ക്യൂആർ കോഡിന് രൂപംകൊടുക്കുകയും ചെയ്തു. സാമൂഹ്യക്ഷേമത്തിനു വേണ്ടിയുള്ള ടിഎംഎമ്മിന്റെ സമർപ്പണത്തെയാണ് ഇതിലൂടെ ഉയർത്തി കാണിക്കുന്നത്.

വചന സന്ദേശവും സംഗീത വിരുന്നും

പച്ചക്കാട്: മാട്ടുക്കട ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ വചന സന്ദേശവും സംഗീത വിരുന്നും സംഘടിപ്പിച്ചു. ഒക്ടോബർ 17ന് ഡോ. സി.വി.വടവന, പി.എസ്. തമ്പാൻ, മാത്യു ജോൺ എന്നിവരുടെ നേതൃത്വത്തിൽ പച്ചക്കാട് കുറ്റിപ്പുറത്ത് ഷിനോയിയുടെ ഭവനാങ്കണത്തിൽ വച്ചു നടന്ന സുവിശേഷ യോഗത്തിൽ മാത്യു ജോൺ ഗാനശുശ്രൂഷയും പി.എസ്. തമ്പാൻ വചന ശുശ്രൂഷയും നിർവഹിച്ചു. ഹൈറേഞ്ചിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം പ്രാദേശിക കൂട്ടായ്മകൾ നടത്തി.


SATHYAM PUBLICATIONS
SATHYAM PUBLICATIONS
WE CARE FOR THE BODY & THE SOUL
ESTD: 1988
സങ്കീർത്തന ഭാഷ്യം
സത്യം ബൈബിൾ കമന്ററി
ഡോ. സി.വി. വടവന
Sathyam Publications
ISBN 81-89771-12-4
Price 750
Pre-publication Price - 500rs
Thottabhagom, Thiruvalla
Kerala 689541
www.sathyam.org
www.sathyampublications.org
admins@sathyamministry.com
Call for details: 9447126182, 9446513555

"I can do all things through Christ who strengthens me."
Philippians 4:13

JUSTIN'S HOME
Sathyam Disability Centre Thiruvalla

SATHYAM MINISTRIES
SATHYAM DISABILITY CENTRE
A Ministry of Sathyam Service Trust India
OUR VISION
OUR MISSION
For more details visit our website: www.sathyam.org
Scan Here!
SATHYAM DISABILITY CENTRE
A MINISTRY OF SATHYAM SERVICE TRUST, INDIA
FUTURE PLANS
SERVICES
TRAINING AND EMPLOYMENT
ADVOCACY
JUSTIN'S HOME
Sathyam Ministries
Thottabhagom P.O., Thiruvalla-689 541
Kerala, India
Cell: 9447126182, 9446513555
Email: admins@sathyamministries.org
@Justins Home
facebook.com/sathyamtrust

വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി

ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സ് ആപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഒരു സന്ദേശമയക്കൂ.. തികച്ചും സൗജന്യമായാണ് ഈ പി.ഡി. എഫ് ലഭ്യമാകുന്നത്.

☎ +91 9447126182, +91 9446531555

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla, District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam, Thottabhagom P.O., Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.